Vol. II.) March 1931. (No. 3.



"എന്നെ അനുഗമിക്കുന്നവൻ അന്ധകാരങ്ങളിൽ നടക്കുന്നില്ല."

സംഗതിവിവരങ്ങൾ

ക.	വി. മേരി മഗ്ദാല കീർത്തനം	ന ഉ.
ഖ.	മംഗലവാർത്ത	ന്നാ.
ഗ.	ഒരു മാതൃകാകുടുംബം	ഒ ഠ.
ഘ.	ചില ഐതിഹ്യങ്ങൾ	ഒ ൻ.
ങ.	വേദപുസ്തക വ്യാഖ്യാനം	വ ന.
ന.	പൊതുനിയോഗം	വ വ.
ഠ.	ഒരു കുടുംബത്തിന്റെ മാനസാന്തരം	വ ൻ.
വ.	വാക്കും പ്രവൃത്തിയും	ൻ ന.
ൻ.	വർത്തമാനക്കുറിപ്പുകൾ	ൻ ഉ
ക.	പരസ്യങ്ങൾ	
കക.	പഞ്ചാംഗം	

മലങ്കര സഭയുടെ എക്സറെ.

(ഒന്നാം ഭാഗം.)

ബഥനിത്തിരുമേനിമാരുടെ കൃത്രിമക്കൈത്താൽ കോപിച്ച വ
ശായ നവീകരണ യാക്കോബായ 'മതസംരക്ഷകന്മാർ' ആ വന്ദ്യ തിരുമേനിമാ
രെ പ്രതൃകിച്ചും, കൃത്രിമ സഭയെ പൊതുവായും, അസഭ്യമാരി കോരി
ച്ചൊരിഞ്ഞു അധിക്ഷേപിച്ച പുറപ്പെടുവിച്ചിട്ടുള്ള ദുഷിപ്പത്രങ്ങളുടെയും, ലേഖന
ങ്ങളുടെയും, ലഘുലേഖകളുടെയും പ്രത്യേകം കോട്ടയം 'ഭ്രാന്തക്കണ്ണാടി'യുടെയും യ
ഥാർത്ഥ പ്രകൃതം എന്തെന്നും, അവരുടെ അവിസ്മരണീയ പ്രസ്താവനകളും ചരിത്ര സം
ക്ഷുബ്ധങ്ങളും എത്രകണ്ട് നഗ്നമായിരിക്കുന്നെന്നും, ബഹുമാൻ പത്രാധിപർ മി. എം
എം. വർക്കി യുക്തിയുക്തങ്ങളായ ന്യായവിമർശങ്ങളാൽ ഖണ്ഡിച്ചിട്ടുള്ള ഒരു പ
തിയ പുസ്തകം.

വില 10½ ചക്രം. (6-ആണ.

അപേക്ഷിക്കേണ്ടിടം മേൽവിലാസം:—

മാനേജർ, എസ്സ്. എച്ച്. ബുക്ക് ഡിപ്പോ,

ചങ്ങനാശ്ശേരി



വി. കൊച്ചുത്രേസ്യാ (മദ്ധ്യത്തിൽ)

യും സ്വസഹോദരികളും.

THE KUDUMBA DEEPAM.

കുടുംബദീപം.

പുസ്തകം ൨.} മാച്ച് ൧൯൦൨. {ലക്കം ൩.

വി. മേരീ മണാളകീർത്തനം.

(ശ്രീമാൻ കെ. വി. ജോസഫ്, മഞ്ഞുമ്മൽ.)

യേശുവെയെൻ ജീവനാഥാ ! എ. മ.

൧. പുണ്യതാതാ! നിൻ പദാബ്ജം ദാസർ ഞങ്ങടം ക്രൂപ്പിട്ടുന്ന
പുണ്യമാർഗ്ഗേ ഞങ്ങളെ നീ ആനയിക്കവേണം താതാ !

൨. വേലചെയ്യ ലഭ്യമായ ക്രൂശിയാലെ യേശുവിനെ
പാലനം ചെയ്താത്തിതീർത്ത പുണ്യതാത ! പാഹി പാഹി.

൩. ലോകയാത്ര ധീരധീരം ചെയ്യ ദിവ്യമാമുനേ! നീ,
ലോകമായതന്നിൽനിന്നു കാത്തിടേണം കൈതൊഴുന്നേൻ.

൪. രാജരാജനേശുവിന്റെ യന്തികത്തിൽ ലാലസിക്കും
രാജവംശ ദീപമേ യീ മർത്യരെ നീ വീക്ഷിക്കുക.

൫. കർത്തനേശുതൻ പിതാവെ ! ഭക്തജന സൽപിതാവെ !
കാത്തുകൊൾകം നൽ മൃത്യുവരം നൽകിയെല്ലാ മർത്യരേയും.

മംഗലവാത്ത.

തന്നെത്താൻ പുകഴ്ത്തുന്നവൻ താഴ്ത്തപ്പെടുകയും തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടുകയും ചെയ്യുമെന്നുള്ള നമ്മുടെ ദിവ്യരക്ഷകന്റെ തിരുവാക്യങ്ങൾക്കു ഒരിക്കലും വ്യത്യാസമുണ്ടാകാൻ നിവൃത്തിയില്ലല്ലൊ. നശിച്ചുപോയ മനുഷ്യവർഗ്ഗത്തെ വീണ്ടെടുക്കുന്നതിനും തദ്വാരാ തന്റെ അനന്ത നന്മയെ ലോകത്തിനു പ്രത്യക്ഷപ്പെടുത്തുന്നതിനും മനുഷ്യാവതാരംചെയ്ത ദൈവം ഭൂമിയിൽ തനിക്കു അമ്മയായി തെരിഞ്ഞെടുത്തതു സ്ത്രീകളിൽവെച്ചു പരിശുദ്ധയും വിനീതയുമായ ഒരു വനിതയെ ആണല്ലൊ. എല്ലാവരിലുംവെച്ചു താൻ സ്നേഹിച്ചിരുന്ന ഒരാൾ ഉണ്ടായിരുന്നു. അതു കന്യകമറിയമല്ലാതെ മറ്റാരുമായിരുന്നില്ല. അവൾ എത്രകണ്ടു സൽഗുണസമ്പൂർണ്ണയും വിനീതയുമായിരുന്നുവോ അത്രകണ്ടു നീചയായിട്ടായിരുന്നു താൻ തന്നെ വിചാരിച്ചിരുന്നതു. "കന്യകമാർ അനവധിയുണ്ടു: അവരിൽ ഒരുത്തി പരിപൂർണ്ണയാണു; അവൾ എന്റെ പ്രാവാണു" അതുകൊണ്ടു ദൈവം "ഇതു എന്റെ തെരിഞ്ഞെടുക്കപ്പെട്ട അമ്മയായിരിക്കും." എന്നരുളിച്ചെയ്തു.

നമ്മുടെ കർത്താവു വി. ഗീതത്തിൽ ഏറ്റവും എളിമയുള്ള ഈ കന്യകയുടെ വിനയത്തെക്കുറിച്ചു പ്രസ്താവിക്കുന്ന ക്രമത്തിൽ ഇപ്രകാരം പറയുന്നു: "രാജാവിന്റെ വിശ്രമവേളയിൽ എന്റെ ജടാമാംസി അതിന്റെ സൗരഭ്യത്തെ പുറപ്പെടുവിച്ചു." വി. അന്തോനിന്തൂസ് ഈ വാക്യങ്ങളെ വ്യാഖ്യാനിച്ചുകൊണ്ടു ഇപ്രകാരം പറയുന്നു "ഒരു ചെറുതും നിസ്സാരമായതുമായ ജടാമാംസി പ. മറിയത്തിന്റെ മാതൃകയാകുന്നു. അതിന്റെ വിനയമാകുന്ന സുഗന്ധം സ്വർഗ്ഗത്തിൽ പ്രവേശിച്ചു നിത്യപിതാവിന്റെ ഹൃദയത്തിൽ അന്തർല്ലീനമായിരുന്ന ദൈവവചനത്തെ ഉണർത്തി പ. കന്യകയുടെ ഉദരത്തിലേയ്ക്കു ആകർഷിച്ചു." ഈ വിനീതയാ

യ കന്യകയുടെ സൌരഭ്യത്താൽ ആകൃഷ്ടനായി എന്നു തോന്നുമാ
റു നമ്മുടെ ദിവ്യരക്ഷകൻ ലോകോദ്ധാരകനായി മനുഷ്യാവതാരം
ചെയ്യുന്നതിനു തിരുമനസ്സായപ്പോൾ അവളെ തന്റെ അമ്മ
യായി തെരിഞ്ഞെടുത്തു. എന്നാൽ ഈ അമ്മയുടെ വലിയ സ്തു
തിക്കും ബഹുമാനത്തിനുമായി അവളുടെ മുമ്പുക്കുട്ടിയുള്ള അനു
വാദം ക്കൂടാതെ അവളുടെ മകനായിത്തീരുന്നതിനു അവിടുന്നു മ
നസ്സായില്ല. "അവളുടെ സമ്മതം ക്കൂടാതെ അവിടുന്നു അവളി
ൽനിന്നും മാംസം എടുക്കുകയില്ലായിരുന്നു" എന്നു ആബട്ട് വി
ല്യം ഒരിടത്തു പറഞ്ഞിരിക്കുന്നു.

ഫങ്കറിയിലെ വി. എലിസബെത്തിനു വെളിപ്പെടുത്തിയ
തുപോലെ, പ. കന്യക അവളുടെ ഗ്രാമത്തിലുള്ള ചെറുഭവന
ത്തിൽ ലോകരക്ഷകനെ അയയ്ക്കുന്നതിനായി ദൈവത്തോടു എ
ത്രയും ഭക്തിവിനയപൂർസ്സരം പ്രാർത്ഥിച്ചുകൊണ്ടിരിക്കവെ പ്ര
ധാന മാലാഖായായ ഗബ്രിയേൽ അവിടെ പ്രത്യക്ഷനായി ഇ
പ്രകാരം അഭിസംബോധനംചെയ്തു: "നന്മനിറഞ്ഞ മറിയമേ,
നിനക്കു സ്വസ്തി; കർത്താവു നിന്നോടുകൂടെ; സ്ത്രീകളിൽ നീ അ
നുഗ്രഹീതയാകുന്നു." ഓ നന്മനിറഞ്ഞ മറിയമേ, നിനക്കു സ്വ
സ്തി, എന്തുകൊണ്ടെന്നാൽ നീ മറ്റെല്ലാ വിശുദ്ധന്മാരെക്കാളും
പരിപൂർണ്ണയാകുന്നു. കർത്താവു നിന്നോടുകൂടെ, എന്തുകൊണ്ടെ
ന്നാൽ നീ അത്ര എളിമയുള്ളവളാകുന്നു. നീ സ്ത്രീകളിൽ അനു
ഗ്രഹീതയാകുന്നു, എന്തുകൊണ്ടെന്നാൽ മറ്റുള്ളവരെല്ലാം ശാപ
ഗ്രസ്തരാകുന്നു. എന്നാൽ പരിശുദ്ധന്റെ അമ്മയായ നീ യാ
തൊരു മാലിന്യമില്ലാത്തവളും എല്ലായ്പോഴും അനുഗ്രഹീതയുമാ
കുന്നു.

ഈ സ്തുതിഗീതങ്ങളാൽ പരിപൂർണ്ണമായ അഭിവാദ്യത്തിനു
വിനീതയായ മറിയം എന്തു മറുപടിയാണു നല്കിയതു? അവൾ
നിശബ്ദയായിരുന്നു. അതേപ്പറ്റി ചിന്തിച്ചു നോക്കിയപ്പോൾ
അവൾക്കു അസ്വാസ്ഥ്യമാണുണ്ടായതു. "ദൈവദൂതന്റെ വച
നങ്ങൾ കേട്ടപ്പോൾ അവൾ അസ്വസ്ഥയായിത്തീരുകയും ഇതു
ഏതുതരം അഭിവാദ്യമായിരിക്കുമോയെന്നു അവൾ സ്വയം ചി

ന്തിച്ചു നോക്കുകയും ചെയ്തു." ഈ അസ്വാസ്ഥ്യത്തിന് കാരണമെന്തായിരിക്കാം? അവർക്കു ഒരു കാഴ്ചയുണ്ടായതു കൊണ്ടോ, അതോ ചിലരുടെ അഭിപ്രായപ്രകാരം പുരുഷരൂപത്തിൽ പ്രത്യക്ഷനായ ദൈവദൂതനെ കണ്ടതു കൊണ്ടോ ആയിരിക്കുമോ? ഇതു കൊണ്ടൊന്നുമായിരിക്കാൻ തരമില്ല. പാഠം ഇവിടെ തെളിവായിക്കാണുന്നു: "അവർ ആ വചനം കേട്ടപ്പോൾ അസ്വസ്ഥയായിത്തീർന്നു." എബ്രുസേബിയൂസ് എമിസ്സേനൂസ് ഇപ്രകാരം പറയുന്നു: "ആ കാഴ്ചകൊണ്ടല്ല, പിന്നയോ ആ വചനങ്ങളെക്കുറിച്ചാണ് അവർ അസ്വസ്ഥയായിത്തീർന്നതു." അവളുടെ സ്വാഭിപ്രായത്തെ അതിക്രമിക്കുന്ന സ്തുതികർം അവളുടെ എളിമയെ മുറിപ്പെടുത്തിയതു കൊണ്ടാണ്.

ആകയാൽ മാലാഖാ അവളെ എത്രകണ്ടു പ്രശംസിച്ചുവോ അത്രകണ്ടു അവർ തന്നെത്താൻ എളിമപ്പെടുകയും അവളുടെ ഇല്ലായ്മയെ അവളുടെ ചിന്താവിഷയമാക്കുകയും ചെയ്തു. "മറിയമേ, നീ ലോകത്തിൽവെച്ചു ഏറ്റവും വലിയ പാപിനിയാണെന്നു മാലാഖാ പറഞ്ഞിരുന്നുവെങ്കിൽ അവളുടെ വിസ്മയം അത്ര അധികമാകുമായിരുന്നില്ല. അവളുടെ സ്തുതികളെ കൊട്ടിഘോഷിക്കുന്നതു് അവർക്കു വലിയ ഭീതിക്കു കാരണമായിത്തീർന്നു" എന്നു വി. ബർണ്ണർദീനോസു പ്രസ്താവിച്ചിരിക്കുന്നു. സ്വന്ത സ്തുതിയെക്കുറിച്ചു വെറുപ്പു എല്ലാ നന്മകളുടെ മാതാവായ അവളുടെ സ്രഷ്ടാവിന്റെ സ്തുതിയും പുകഴ്ചയും മാത്രം എളിമയുടെ വിളനിലമായ അവളുടെ ആഗ്രഹവുമായിരുന്നതു കൊണ്ടാണ് അവർ അസ്വസ്ഥചിത്തയായതു്. ദൈവമാതാവായിത്തീർന്ന ആ സമയത്തെക്കുറിച്ചു വി. ബിർജീത്തായോടു പരിശുദ്ധ മറിയം തന്നെ വെളിപ്പെടുത്തിയതു ഇപ്രകാരമാണ്: എന്നാൽ ഞാൻ എന്റെ സ്വന്തം കീർത്തിയെയല്ലാ എല്ലാ നന്മകളുടേയും മാതാവായ എന്റെ സ്രഷ്ടാവിന്റെ സ്തുതിയെയാണ് ആഗ്രഹിച്ചതു്.

പ്രവാചകന്മാർ ദീർഘദർശനം ചെയ്തിരുന്ന മ്ശിഹായുടെ ആഗമനത്തിനുള്ള സമയം വന്നിരിക്കുന്നുവെന്നു പരിശുദ്ധ മറിയം വി. ഗ്രന്ഥത്തിൽ നിന്നും ഗ്രഹിച്ചിട്ടുണ്ടായിരുന്നു. ദാനിയേ

ലിന്റെ ആഗ്രഹകഥം പൂത്തിയാകയും യാക്കോബിന്റെ ഭീർഘദർ നമനസരിച്ച് യൂദായുടെ ചെങ്കോൽ വിദേശികനായ ഹേറോ ഡ് രാജാവു കൈവശപ്പെടുത്തുകയും ചെയ്തത് അവർക്കു അ ജ്ഞാതമായിരുന്നില്ല. ഒരു കന്യകയാണ് മ്ശിഹായുടെ മാതാ വായിത്തീരാനുള്ളതെന്നും അവർക്കു അറിയാമായിരുന്നു. ഈ സമയത്താണ് ദേവമാതാവിന് മാത്രം ചേരുന്നതായ സ്തുതിക ളാൽ മാലാഖാ അവളെ പുകഴ്ത്തിയത്. താനാണ് ദൈവത്തി ന്റെ തെരഞ്ഞെടുക്കപ്പെട്ട മാതാവെന്ന് ഏതാണ്ടൊരു ജ്ഞാ നം അല്ലെങ്കിൽ വിചാരം അവർക്കുണ്ടായിരുന്നിരിക്കയില്ലേ? തീച്ചയായിട്ടുമില്ല, അവളുടെ അഗാധമായ എളിമ ഇങ്ങിനെ യൊരു വിചാരത്തിനു ഇടംകൊടുക്കുകയില്ലതന്നെ. ഈ സ്തുതി കഥം അവർക്കു ഭയത്തിനു കാരണമായിത്തീർന്നു. "ക്രിസ്തു ഒരു ദൈവദൂതനാൽ അഭിഷേകം ചെയ്യപ്പെടുവാൻ കരുണയുണ്ടായതു പോലെ പ. കന്യകയും ഒരു മാലാഖായാൽ തൈലാഭിഷേകം ചെയ്യപ്പെടേണ്ടതു ആവശ്യമായിരുന്നു" എന്നു വി. പത്രോസ് ക്രി സോലോഗോസ് അഭിപ്രായപ്പെട്ടിരിക്കുന്നു. വി. ഗബ്രിയേൽ, തന്റെ അഭിവാദ്യത്താൽ മറിയം സ്തബ്ധചിത്തയും അസ്വസ്ഥ യും ആയിത്തീർന്നിരിക്കുന്നതിനെ കണ്ടു: "മറിയമേ, നീ ഭയപ്പെ ടേണ്ട, ദൈവത്തിന്റെ പക്കൽ നീ കരുണകണ്ടെത്തിയിരിക്കു ന്നു" എന്നു പറഞ്ഞു.

ഓ മറിയമേ, ഞാൻ നിന്നെ അഭിവാദ്യംചെയ്ത വലിയ അ ഭിധാനങ്ങളെക്കുറിച്ചു നീ ഭയപ്പെടുകയോ അത്ഭുതപ്പെടുകയോ ചെയ്യരുത്. എന്തുകൊണ്ടെന്നാൽ നീ നിന്റെ സ്വന്ത കണ്ണു കഥംക്കു അപ്രിയും നിസ്സാരയുമായി കാണപ്പെട്ടെങ്കിലും വിനീ തരെ ഉയർത്തുന്ന ദൈവം മനുഷ്യർക്കു അവകാശമില്ലാത്ത കരുണ യ്ക്കു നിന്നെ യോഗ്യതയുള്ളവളാക്കി തീർത്തു. അതുകൊണ്ടു അ വിടുന്ന് നിന്നെ ആദത്തിന്റെ സന്തതികളുടെ ജന്മാവകാശമാ യ പാപങ്ങളിൽനിന്നും സംരക്ഷിച്ചു. ആകയാൽ നിന്നെ ഗർഭം ധരിച്ച നിമിഷം മുതൽ എല്ലാ വിശുദ്ധന്മാർക്കും ദൈവം നല്കി യിട്ടുള്ളതിനെക്കാൾ വലിയ അനുഗ്രഹംകൊണ്ടു നിന്നെ അലങ്കാ

രിച്ചു. ഇതിനാലാണു അവിടുന്നു നിന്നെ ദൈവത്തിന്റെ മാതൃപദത്തിലേക്ക് ഉയർത്തിയതു. "നീ നിന്റെ ഉദരത്തിൽ ഗർഭം ധരിച്ചു ഒരു പുത്രനെ പ്രസവിക്കും: അങ്ങേയ്ക്കു നീ ഈശോയെന്നു പേരിടുകയും വേണം."

നാം ദൈവമാതാവിനെ പ്രസാദിപ്പിക്കുവാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ "മറിയമേ, നിനക്കു സ്വസ്തി" എന്നു നാം അവളെ ക്കൂടെക്കൂടെ അഭിവാദ്യം ചെയ്യേണ്ടതാണു്. ഇതിനെക്കാൾ ബഹുമാനകരമായ മറെറാരഭിസംബോധനവും തനിക്കുണ്ടാകാനില്ലെന്നു പരിശുദ്ധ കന്യക മത്തിൽദാ പുണ്യവതിയെ ഒരിക്കൽ അറിയിക്കയുണ്ടായി. ഇതുവഴിയായി ഈ കരുണാപരയായ മാതാവിൽനിന്നും നമുക്കു ഏതു പ്രത്യേക നന്മയും ലഭിക്കുമെന്നുള്ളതു് തീച്ചയാണു്.

— വി. അല്ഫോൻസു് ലിഗോരി.

ഒരു മാതൃകാകുടുംബം.

വി. കൊച്ചുത്രേസ്യായുടെ ശൈശവം. (തുടർച്ച)

(ഫാദർ എജീദിയോസ്. സി. ഡി.)

മാതാവായ മിസ്സസ് മാർട്ടിൻ ഇടയ്ക്കിടയ്ക്കു് തന്റെ അരുമ സന്താനത്തെ കാണുന്നതിനായി പോകാറുണ്ടായിരുന്നു. അവൾ 1873 മാർച്ച് 30-ാംനു- സഹോദരപത്നിക്ക് ഇപ്രകാരം എഴുതിഅയച്ചു. "കഴിഞ്ഞ ഞായറാഴ്ചവരെ ത്രേസ്യാക്കുട്ടിക്ക് സുഖമായിരുന്നു. എന്നാൽ ഈ വെള്ളിയാഴ്ചമുതൽ അവൾക്ക് ഒരു ഉദരവ്യാധികൂടെ ക്രൂടിയിട്ടുണ്ടു്. വൈദ്യൻ വന്നു പരിശോധന നടത്തിയപ്പോൾ പനി ക്രൂടെയുള്ളതായി കാണപ്പെട്ടു. എന്നിരുന്നാലും ആശങ്കാജനകമായ യാതൊന്നും അവളിൽ കാണപ്പെട്ടിരുന്നില്ലാ എന്നാണു് അദ്ദേഹം അഭിപ്രായപ്പെട്ടതു്. ഇന്നു അവൾക്കു് സ്വല്പം ആശ്വാസമുണ്ടു്. എങ്കിലും അവൾ ജീവിക്കുന്നു കാര്യം അസാ

ഭ്യമെന്നു പറയാതിരിക്കുവാൻ നിവൃത്തികാണുന്നില്ല. എന്റെ സന്താനത്തെ രക്ഷിക്കുന്നതിന് എന്നാൽ കഴിവുള്ള സകല യത്നങ്ങളും ഞാൻ ചെയ്തു കഴിഞ്ഞിരിക്കുന്നു. നല്ലദൈവം വേറെ വിധത്തിൽ മനസ്സാകുന്നെങ്കിൽ അവിടുന്ന് ആഗ്രഹിക്കുന്ന പരിത്യാഗപ്രവൃത്തിയെ ക്ഷമയോടും സന്തോഷത്തോടും കൂടെ സ്വീകരിക്കുന്നതിന് അതിയായി ഞാൻ ശ്രമിക്കുന്നതാണ്." ഹാ! ദൈവതിരുമനസ്സിനോടുള്ള അവളുടെ യോജിപ്പ് എത്രമാത്രമെന്നു കണ്ടാലും!

ഈ സങ്കടാവസ്ഥയുടെ മാറ്റിന്റെ ഒന്നുകൂടെ വർദ്ധിപ്പിക്കുവാനോ എന്നു തോന്നുമാറു മരിയയും സന്നിപാധജ്വരബാധിതയായി സ്മൃതംവിട്ടു, വീട്ടിൽ വന്നു ശയ്യാതലത്തെ അവലംബിച്ചു. മിസ്സസ് മാർട്ടിൻ രാവും പകലും ഇവൾക്കായി ബുദ്ധിമുട്ടിയിരുന്നു. എന്നാൽ അതേ സമയം തന്നെ റേന്തപ്പുണ്ണിയിലും അവൾ സമയം ചിലവഴിച്ചിരുന്നു. അവൾ വളരെ കഷ്ടപ്പെട്ടു. എന്നിരുന്നാലും അവളുടെ വിശ്വാസം ക്ഷയിക്കുകയോ, മന്ദീഭവിക്കുകയോ ചെയ്തിരുന്നില്ല. 1873-ാമാണ്ട് ഏപ്രിൽ മാസത്തിൽ ഭയങ്കരമായ ഒരു അഗ്നിബാധ ഉണ്ടാകുകയും അവളുടെ സഹോദരന്റെ ഭവനം വെന്തുപോകുകയും ചെയ്തു. ഇതേപ്പറ്റി സഹോദരന്റെ ഭാര്യ വളരെ സങ്കടപ്പെട്ടിരിക്കുകയിൽ, അവൾക്ക് ആശ്വാസപ്രദായകമായ ഒരു കത്തയച്ചു. അതു ഇപ്രകാരമായിരുന്നു. "പ്രിയ സഹോദരി! ഓരോരുത്തർക്കും അവരവരുടെ കുരിശ്ശുകൾ ചുമക്കുവാനുണ്ട്. എന്നാൽ ചിലരുടെ കുരിശ്ശു ശേഷംപേരുടെതിനേക്കാൾ ഭാരമേറിയതായി അവർക്ക് തോന്നിയേക്കാം. ജീവിതകാലം മുഴുവനും റോസപ്പൂക്കൾ കൊണ്ടു നിറഞ്ഞതല്ലാ എന്നു അറിയുവാൻ ഇപ്പോൾ മാത്രമാണല്ലോ സഹോദരി തുടങ്ങിയതു്. നമ്മുടെ മനസ്സിനെ ലൗകികമായതിൽ നിന്നും മാറ്റി സ്വർഗ്ഗീയമായതിലേക്ക് ആക്കുവാൻ വേണ്ടിയാണ് നമ്മുടെ നല്ല ദൈവം കുരിശ്ശുകളെ നമുക്ക് യാത്രയാക്കുന്നതു്. ഞാൻ രോഗണിയായ മരിയായേ വിട്ടുമാറുന്നില്ല. അവളുടെ കിടക്കയുടെ അരികിൽ കിടന്നുകൊണ്ടാണ് ഞാൻ രാത്രികഴിക്കാറുള്ളതു്. എ

ന്റെ ഇപ്പോഴത്തെ ഭാരം എടുക്കുന്നതിന് ഒരു പ്രത്യേക ദൈവ സഹായം വേണമെന്നാണ് എനിക്ക് തോന്നുന്നത്. ഈദൃശമായ അസഹനീയ ഭാരത്തിനടിയിൽ, ചെട്ടപോകാതിരിക്കുന്നതിനുള്ള വരപ്രസാദം എനിക്ക് പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നു എന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു." ഹാ എത്രയൊ അനുകരണീയമായ ഒരു ദൃഷ്ടാന്തം! നമ്മുടെ അനുദിനകുരിശുകളെ നാം ക്ഷമാപൂർവ്വം സഹിക്കുന്നെങ്കിൽ നമ്മുടെ ജീവിതം എത്രയൊ വിജയകരമായ വിധത്തിൽ നമുക്കു അവസാനിപ്പിക്കാമായിരുന്നു!

ഈ സമയത്തു മരിയയ്ക്ക് സുഖപ്രാപ്തിലഭ്യമാകുന്നതിനായി ഒരു തീർത്ഥയാത്ര കഴിക്കുന്നതിന് മാട്ടിൻ നിശ്ചയിച്ചു. അതേക്കുറിച്ചു പൌളിന് അയച്ച ഒരെഴുത്തിൽ "നിന്റെ പിതാവു മരിയയ്ക്ക് വേണ്ടി ഒരു തീർത്ഥയാത്ര കഴിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു. അയാൾ നിരാഹാരനായി പോകുകയും അതുപോലെതന്നെ മടങ്ങുകയും ചെയ്യും. കാൽനടയായിട്ടാണ് പോകുന്നത്. അർദ്ധരാത്രിക്ക് മുമ്പായി തിരിച്ചുവരുകയും ചെയ്യും. ഈ സൽപ്രവൃത്തി വഴിയായി അയാളുടെ പ്രാർത്ഥന ദൈവസന്നിധിയിൽ സ്വീകൃതമാകുകയും ചെയ്യും" എന്ന അഭിപ്രായം കാണിച്ചിരുന്നു.

ദൈവം ഈ രണ്ടുരോഗികൾക്കുവേണ്ടിയുള്ള അവരുടെ മാതാപിതാക്കന്മാരുടെ പ്രാർത്ഥനകളെ കരുണയോടെ തൃക്കൺപാർക്കുകതന്നെ ചെയ്തു. സപ്തദിവസങ്ങൾക്കുള്ളിൽ മരിയ സുഖപ്രാപ്തയായി. തെരേസ്യാക്കുട്ടിയുടെ ഉദരവ്യാധിയും മാറിത്തുടങ്ങി. തൽസമയത്തുണ്ടായ സന്തോഷത്തെ അറിയിക്കുന്നതിനു അവർ പൌളിനു ഒരു എഴുത്തെഴുതി. "കഴിഞ്ഞ ഞായറാഴ്ച തെരേസ്യായുടെ വളർത്തമ്മ യാതൊരു മുന്നറിവും കൂടാതെ അവളെ ഞങ്ങളുടെ വീട്ടിൽ കൊണ്ടുവന്നു. ആ സമയം വരുമെന്നു ഞങ്ങൾ അശേഷം വിചാരിച്ചിരുന്നില്ല. ഞങ്ങൾ ഭക്ഷണത്തിനായി ഇരുന്നപ്പോൾ തെരേസ്യായെ എടുത്തുകൊണ്ടും അവളുടെ നാലു സന്താനങ്ങളെ നടത്തിക്കൊണ്ടുമാണ് അവർ വന്നുചേർന്നത്. ഉടനെ തെരേസ്യായെ എന്റെ കയ്യിൽ ഏൽപ്പിച്ചുകൊണ്ട്, കുഞ്ഞുങ്ങൾ

ന്നതിനായി പള്ളിയിലേക്കു ധൃതിയിൽ നടന്നുതുടങ്ങി. ഈ വിരഹം ത്രേസ്യാക്കുഞ്ഞിനു അത്രസഹിച്ചില്ല. അവൾ കരയുവാൻ തുടങ്ങി. ശ്വാസംമുട്ടി മരിച്ചുപോകുമെന്നുതന്നെ ഞാൻ വിചാരിച്ചുപോയി. വീട്ടുമുഴുവൻ അവളുടെ കരച്ചിലിനെറ മാറ്റൊലി കൊണ്ടു. ഞാൻ ഒടുവിൽ ഒരു വേലക്കാരിയെ പള്ളിയിലേക്ക് ഓടിച്ചു, കുമ്പസാരം കഴിഞ്ഞാൽ അല്പംപോലും താമസിക്കാതെ ത്വരിതയിൽ വീട്ടിലേക്ക് വരണമെന്നു അറിയിച്ചു. അവൾ ഉടനെതന്നെ വന്നുചേർന്നു. അവളെ കണ്ടയുടനെ കുട്ടി സമാധാനപ്പെടുകയുംചെയ്തു. കുട്ടിക്ക് ഇത്ര ശക്തിയുണ്ടായല്ലൊ എന്നു വിചാരിച്ചു ഞങ്ങളെല്ലാവരും അതിശയിച്ചു."

മരിച്ചുപോകുമെന്നു കരുതിയിരുന്ന ശിശു ഇപ്രകാരം അപകടരഹിതയായി എന്നു കണ്ടപ്പോൾ അത്തള്ളയ്ക്കുണ്ടായ സന്തോഷം ആരാൽ പറഞ്ഞറിയിക്കാവതു്. രണ്ടാഴ്ചകഴിഞ്ഞപ്പോൾ പൗളിനു വേറൊരു ഏഴുത്തുകൂടി അവൾ എഴുതി. അതു ഇപ്രകാരമാണു്. "കഴിഞ്ഞ വ്യാഴാഴ്ച ത്രേസ്യാക്കുഞ്ഞിനെ ഞാൻ കണ്ടു. അവൾക്കു ഞങ്ങളോടുകൂടെ താമസിക്കുന്നതിനു ആഗ്രഹമില്ലായിരുന്നു. വളർത്തമ്മയെ കാണുവാൻ കഴിയാതെ വന്നപ്പോൾ അവൾ വാവിട്ടുകരഞ്ഞുതുടങ്ങി. അതിനാൽ ഒരു ദാസിയെ വിളിച്ചു, താഴെതെ കച്ചവടം ചെയ്തുകൊണ്ടിരുന്ന റോസയുടെ പക്കൽ അവളെ ഏല്പിക്കുന്നതിനു ഞങ്ങൾ നിർബ്ബന്ധിതരായി. അവളെ കണ്ടയുടനെ ത്രേസ്യായുടെ കരിച്ചിലെല്ലാം പോയിയെന്നതന്നെയല്ലാ പുഞ്ചിരിതൂകുവാനും തുടങ്ങി. അവൾക്ക് ഇപ്പോൾ 14 വാരത്തിൽ തൂക്കമുണ്ടു്. അവൾ സൗമ്യതയും സൗന്ദര്യവുമുള്ളവളായിത്തീരും നിശ്ചയം."

ശേഷമുള്ള തള്ളമാർ തങ്ങളുടെ സന്താനങ്ങളുടെ പ്രവൃത്തികളിൽ കാണുന്ന വിശേഷതയല്ല മിസ്സസ് മാർട്ടിൻ ത്രേസ്യായുടെ പ്രവൃത്തികളിൽ കണ്ടതു്. അവൾ പൗളിനയച്ച കത്തുകളിൽ നിന്നും കൊച്ചുത്രേസ്യായിൽ പരിശുദ്ധാത്മാവു പ്രവൃത്തിക്കുവാൻ തുടങ്ങിയെന്നു അവൾ ഗ്രഹിച്ചിരുന്നതായി നമുക്കു അനുമാനിക്കാവുന്നതാണു്. ആദ്യത്തെ എഴുത്തു് കൊച്ചുത്രേസ്യയ്ക്കു

9 മാസം മാത്രം പ്രായമുള്ളപ്പോൾ എഴുതിയതായിരുന്നു. അതിൽ അവൾ ത്രേസ്യായുടെ ശാരീരിക സ്ഥിതിയെ വർണ്ണിച്ചശേഷം അവളുടെ മുഖത്തു വീശിയിരുന്ന പ്രകാശത്തെക്കുറിച്ചു പറയുകയിൽ "അവളുടെ ആത്മാവിൽ ദൈവപ്രസാദമുണ്ടെന്നു അവളുടെ മുഖത്തു നോക്കിയാൽ ഗ്രഹിക്കാവുന്നതാണു" എന്നു കാണിച്ചിരുന്നു. തുടർന്നു അവൾ പറയുന്നതായ്തു. "ത്രേസ്യാക്കുഞ്ഞു അഞ്ചാറാഴ്ചയ്ക്കകത്തു നടക്കുമെന്നു തോന്നുന്നു. കസേരയുടെ അടുത്തു അവളെ ഇരുത്തിയാൽ അവൾ വീഴാതെ അതിന്മേൽ പിടിച്ചുകൊണ്ടു നില്ക്കും. അവൾ വീഴാതെയിരിക്കുവാനായി ഏതോ മുൻകരുതലുകളെല്ലാം ചെയ്യുന്നുണ്ടു. അവളുടെ പ്രകൃതി തന്നെ ശേഷം കുട്ടികളുടേതിൽനിന്നും വളരെ വ്യത്യാസപ്പെട്ടതാകുന്നു. അവളുടെ മുഖത്തു സദാ പുഞ്ചിരി കാണപ്പെട്ടിരുന്നു. തന്നെയല്ലാ, തെരിഞ്ഞെടുക്കപ്പെട്ടവരുടെ ഒരു മുന്നുടയാളവും ആ മുഖാരവിന്ദത്തിൽ തെളിഞ്ഞുകാണാമായിരുന്നു. ഇതുപോലെയുള്ള ഒരുടയാളം നിങ്ങളുടെ ആരുടെയും മുഖത്തു കാണുന്നതിനു എനിക്കു സാധിച്ചിട്ടില്ല." വീണ്ടും ജനുവരി 11-ാംനു- "എന്റെ ത്രേസ്യാക്കുഞ്ഞു കഴിഞ്ഞ വ്യാഴാഴ്ച നടക്കുവാൻ തുടങ്ങി. അവൾ മാധുര്യവും അഴകും നിറഞ്ഞ ഒരു ചെറിയ മാലാഖാതന്നെ. അവളുടെ പ്രകൃതിതന്നെ മനോഹരമേറിയതാകുന്നു. അവളുടെ പുഞ്ചിരി എത്രയോ മാധുര്യമുള്ളതു്. അവൾ വീട്ടിൽ വന്നു ഞങ്ങളോടുകൂടെ താമസിക്കുന്നതിനുള്ള സമയത്തെ ഞങ്ങൾ അതിയായിത്തഗ്രഹിക്കുന്നു" എന്നു എഴുതി അയച്ചു.

ഇപ്രകാരമുള്ള ഒരബലശിശു- അതെ കഷ്ടിച്ചു ഒരു വയസ്സു തികയാത്ത ഒരു ശിശു അതിന്റെ മാധുര്യംകൊണ്ടും മുഖത്തെളിവുകൊണ്ടും ഹൃദയാന്തർഭാഗത്തു മറഞ്ഞിരിക്കുന്ന ദൈവത്തിന്റെ പ്രസന്നതയെ കാണികൾക്കു വെളിപ്പെടുത്തുന്നതിൽ അത്ഭുതപ്പെടുകയല്ലാതെ എന്താണു് ചെയ്യു! വളർത്തമ്മയായ റോസ 1874 ഏപ്രിൽ 2-ാംനു- കൊച്ചുത്രേസ്യായെ കൊണ്ടുവന്ന അമ്മയെ ഏല്പിച്ചു. ഈ സമയം മാർട്ടിൻ കുടുംബത്തിനു് ഒരു സന്തോഷാവസരം തന്നെ ആയിരുന്നു. വിശ്വമതകളുടെ കാര്യം

ക്ഷപടലങ്ങൾ മാറ്റിൻ അന്തരീക്ഷത്തെ വിട്ടകന്നു. മരിയായെ ബാധിച്ചിരുന്ന സുഖക്കേടു വിട്ടുമാറി അവൾ പൂർണ്ണാരോഗ്യം പ്രാപിച്ചു. പഠനവിഷയത്തിൽ വളരെ അഭിവൃദ്ധി പ്പെട്ടിരുന്നതിനാൽ അദ്ധ്യാപകന്മാരുടെ ഒരു ലാളനാ വിഷയവും മിസ്സസ് മാറ്റിന്റെ ആശ്വാസകാരണവുമായിരുന്നു. സെലിനെ ഇടയ്ക്കിടെ ബാധിക്കാറുണ്ടായിരുന്ന സുഖക്കേടും ശമിച്ചുതുടങ്ങി. ലെയോനിയ പഠനവിഷയത്തിൽ വളരെ ശോഭിച്ചു കാണപ്പെട്ടിരുന്നു. ഇപ്രകാരമുള്ള ഈ സന്തോഷാവസരത്തിൽ ഈ ഇരു ദമ്പതിമാരും അവരുടെ മുൻ കഷ്ടപ്പാടുകളെ മറന്നു കളയുകതന്നെ ചെയ്തു. കൊച്ചുത്രേസ്യാ ആയിരുന്നു അവരുടെ സന്തോഷകാരണം. മിസ്സസ് മാറ്റിൻ പറയുന്നതു കേട്ടാലും "എന്റെ എല്ലാ സന്താനങ്ങളിലുംവെച്ചു ദേഹപുഷ്ടിയുള്ളവൾ ത്രേസ്യാകുഞ്ഞാണ്. അവൾ ഒരു സൗന്ദര്യമുള്ളവളായിത്തീരും. ഇപ്പോൾതന്നെ അനുഗ്രഹമുള്ളവളും സുന്ദരിയുമാണ്."

ഈ സന്തോഷാവസരത്തിൽ ദൈവത്തിനു ഉപകാരസ്മരണ ചെയ്യുന്നതിന് ന. മാറ്റിൻ മറന്നുകളഞ്ഞില്ല. മരിയായുടെ സുഖലബ്ധിക്കുശേഷം മുൻചെയ്തിരുന്ന വാഗ്ദാനത്തിൻപ്രകാരം നോട്ടർഡാം ദേവാലയത്തെ സന്ദർശിക്കുകയുണ്ടായി. ക്രൂശിതരൂപത്തിലേക്ക് വേറൊരു തീർത്ഥയാത്രകൂടെ അയാൾ കഴിച്ചു. ആ യാത്രയിൽപോലും മാസംതോറും അയാൾ കഴിച്ചുവരാറുള്ള 'നിശാരാധനയുടെ' മുടക്കം വരുത്താതെ നിർവേറ്റി എന്നുള്ളതു പ്രത്യേകം പ്രസ്താവ്യംതന്നെ.

ചെറുപ്പത്തിൽതന്നെ ദൈവഭയത്തിന്റേയും ഭക്തിയുടേയും അടയാളങ്ങളെ കാണിക്കുവാൻ തുടങ്ങിയിരുന്ന ആ ചെറുപൈതലിനെ, കുടുംബിനിയായ മിസ്സസ് മാറ്റിൻ തന്റെ സഹോദരിയായ ഒരു വിസിറേഷ്യൻ കന്യകയുടെ സഹായത്താൽ ദൈവത്തോടു് ഏറ്റവുമേറ്റം അടുപ്പിക്കുന്നതിനു സദാ പരിശ്രമിച്ചിരുന്നു. അവൾതന്നെ പുണ്യത്തിൽ വർദ്ധിക്കുന്നതിന് എന്തുമാത്രം താല്പര്യം കാണിച്ചിരുന്നു എന്നു പൈതലിനയച്ച ഒരെഴുത്തിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. "സകല വിശുദ്ധന്മാരുടെ തി

രുനാളിന് തലേനാളായ ഇന്ന് എനിക്ക് ദേവാലയത്തിൽപോ
യി എന്റെ അന്തരിച്ച മാതാപിതാക്കന്മാക്കുവേണ്ടിപ്രാർത്ഥിക്ക
ണം. എനിക്കും അപ്രകാരം ചെയ്യ തരേണ്ടുന്ന ഒരു ദിവസം വ
രും. എന്നാൽ അന്ന നിന്റെ പ്രാർത്ഥനയിൽ വലിയ ശരണം
വെയ്ക്കാതിരിക്കത്തക്കവണ്ണം അത്ര പരിശുദ്ധമായ ഒരു ജീവിതം
ഇപ്പോഴേതന്നെ എനിക്ക് നയിക്കണം. ഒരു പുണ്യവതിയാകു
വാൻ ഞാൻ വളരെ ആഗ്രഹിക്കുന്ന. എന്നാൽ അത്ര വളരെ
ശ്രമമേറിയ ഒരു കാര്യമാകുന്ന. എന്നിൽനിന്ന വളരെയൊക്കെ
ചെത്തിക്കളയുവാനുണ്ട്. തന്നെയല്ല അത്ര കല്ലുപോലെ കടുത്ത
തുമാകുന്ന. എന്നിരുന്നാലും പ്രസ്തുത ജോലി അതിവേഗം തുട
ങ്ങുകയാണ് നല്ലത്. വളരെ എളുപ്പമുണ്ടാകും. ഒരിക്കലും തുട
ങ്ങാതിരിക്കുന്നതിലും നല്ലത് താമസിച്ചെങ്കിലും തുടങ്ങുന്നതാ
ണ്.” അവളുടെ ജീവിതരീതിയെ പരിശോധിക്കുകയും അവളുടെ
ലിഖിതങ്ങളെ പാരായണം ചെയ്യുകയും ചെയ്തിട്ടുള്ളവർക്ക് മുൻ
പറഞ്ഞ വാക്കുകൾ എളിമയുടെ ഒരു പ്രകരണമെന്നേ തോന്നു
കയുള്ളൂ. എന്തെന്നാൽ പുണ്യപൂർണ്ണതയുടെ വഴിയിൽക്കൂടെ ത
രിതമായിട്ടാണ് അവൾ നടന്നിരുന്നത്. തന്നെയല്ല വളരെ അ
ഭിവൃദ്ധി പ്രാപിക്കുകക്കൂടെ ചെയ്തിരുന്ന.

ദൈവം കൊച്ചുത്രേസ്യായോട് പ്രവർത്തിക്കുന്ന രീതിയും അ
വളെ കാക്കുന്ന വിധവും നാം പരിശോധിക്കുന്നേപക്ഷം പ്രകൃതി
യുടെ നിയമത്തെപ്പോലും അവിടുന്ന ഭഞ്ജിക്കുന്നതായി നമുക്ക്
തോന്നിപ്പോകും. ഇതിനെ തെളിയിക്കുന്നതിനു പര്യാപ്തമായ
ഒരു സംഭവം മിസ്സസ് മാർട്ടിൻ രേഖപ്പെടുത്തിയിട്ടുണ്ട്. അവൾ
പറയുന്നതായത്: “ചെറുപുഷ്പത്തെപ്പറ്റി ഒരത്ഭുത സംഭവം ഈ
യിടെ നടന്നിരിക്കുന്ന. ഞാൻ ദിവസവും കാലത്തു 6½ മണിക്കാ
ണ് ദിവ്യപൂജ കാണുവാൻ പോയിരുന്നത്. ത്രേസ്യായെ തനി
യെ ഇരുത്തിയുംവെച്ചു പോകുന്നതിന് എനിക്ക് ധൈര്യമില്ലാ
യിരുന്ന. എന്നാൽ അവൾ ഉറക്കം തെളിയാതിരുന്നതുകൊണ്ട്
അവളുടെ തൊട്ടിയെ എന്റെ കിടക്കയുടെ അരികിൽ വലിച്ചു
വെച്ചുകൊണ്ട്, കുട്ടി മറിഞ്ഞുവീണാൽ താഴെ പോകാതിരിക്ക

തക്കവണ്ണം വേണ്ട മുൻകരുതൽ എല്ലാം തെരേസാ ചെയ്തശേഷമാണ് ഞാൻ ഭവനംവിട്ട പള്ളിയിലേക്കു പോകാറുള്ളത്. ഞാൻ ഒരു ദിവസം പള്ളിയിൽനിന്നു തിരിച്ചുവന്നപ്പോൾ അയ്യോ എന്റെ തേരേസാക്കുഞ്ഞിനെ കണ്ടില്ല. ഒരു ചെറിയ കരച്ചിൽ ഞാൻ കേട്ട് തിരിഞ്ഞു നോക്കിയപ്പോൾ കട്ടിലിനടുത്തു കിടന്ന കസേരയിലുള്ള തലയിണമേൽ തലയുംവെച്ചുകൊണ്ട് സുഖമായി തേരേസാക്കുഞ്ഞ് കിടക്കുന്നതായിട്ടാണ് ഞാൻ കണ്ടത്. അവൾ എങ്ങിനെയാണു തൊട്ടിയിൽനിന്നും കസേരയിൽ കയറിപ്പറ്റിയതെന്ന് എനിക്കറിയുവാൻ പാടില്ല. ആപത്തു ക്രമാതെ അവളെ കാത്തുരക്ഷിച്ച ദൈവത്തിനു ഞാൻ ഉപകാരസ്മരണ ചെയ്തു. അതു ഒരു ദൈവപരിപാലനയെന്നു പറവാനുള്ളൂ. പ്രകൃത്യാതീതമായ ഒരു ശക്തി ആ പൈതലിനെ സഹായിച്ചില്ലായെങ്കിൽ അതു നിശ്ചയമായും താഴെ വീഴുമായിരുന്നു. അവളുടെ കാവൽമാലാഖായൊ തുല്യീകരാത്മാക്കളൊ ആണ് അവളെ രക്ഷിച്ചതു്."

ആ ഭാഗ്യപ്പെട്ട മാതാവു് ഇതിലും സന്തോഷകരമായ അവസരത്തെ ഭംഗിക്കാനുള്ളവളായിരുന്നു. ആ ചെറുപൈതലിന്റെ അധരങ്ങളിൽനിന്ന് ആദ്യമായി ബഹിർഗ്മിക്കേണ്ടതു് പ്രാർത്ഥനയായിരിക്കേണമെന്ന് അവൾ അതിയായി ആഗ്രഹിച്ചിരുന്നു. അവളുടെ ഈ നല്ല ആഗ്രഹത്തെ ചെറുപുഷ്പം 1874 നവംബർ മാസം 18-ാംനു നിർവഹിച്ചുകൊടുത്തു. അവൾ പറയുന്നതു കേട്ടാലും "തേരേസാ മാധുര്യവും സൗമ്യതയുമുള്ള ഒരു കുഞ്ഞായി വളർന്നുവരുന്നു. അവൾ പ്രഭാതം മുതൽ പ്രദോഷംവരെ, സന്തോഷത്താൽ തിളങ്ങുന്ന മുഖത്തോടുകൂടെ അവിടവിടെ ഓടിനടക്കുന്നു. മധുരമായ ഏതൊ പാട്ടു പാടുന്നുണ്ട്. ഒരു കൊച്ചു മാലാഖായെപ്പോലെയാണ് അവൾ പ്രവർത്തിക്കുന്നതു്. അതു മാതൃകായോഗ്യംതന്നെ."

അധികം നാൾ കഴിയുന്നതിനു മുമ്പായി കൊച്ചുതേരേസ്സായെ അവളുടെ മാതാവു് ദേവാലയത്തിൽ കൊണ്ടുപോയി. വി. കുബ്ബാനയുടെ സമയത്തുള്ള അവളുടെ ഭക്തിയും വണക്കവും കാ

ണേണ്ടതുതന്നെ. മിസ്സസ് മാട്ടിൻ പറയുന്നതു് കേട്ടാലും "ത്രേസ്യാക്കുഞ്ഞിനു സുഖംതന്നെയാണു്. അവളുടെ സംസാരം ആനന്ദമേറിയതുതന്നെ. പ്രാർത്ഥന നല്ലവണ്ണം അവൾക്കറിയാം. എല്ലാ ഞായറാഴ്ചയും അവൾ പള്ളിയിൽ പോകുന്നുണ്ടു്. അപ്രകാരം സാധിക്കാതെ വരുമ്പോൾ അവൾ കരയുവാൻ തുടങ്ങും. കഴിഞ്ഞ ഞായറാഴ്ച മഴ അതികഠിനമായി വർഷിച്ചുകൊണ്ടിരുന്നു. അന്നേരം പള്ളിയിൽ പോകുവാൻ പാടില്ലല്ലോ എന്നു പറഞ്ഞു് കരയുവാൻ ആരംഭിച്ചു. കുറെ കഴിഞ്ഞപ്പോൾ ഞങ്ങൾ ആരും അറിയാതെ കതകു തുറന്നു പള്ളിയിലേക്കു് മഴയത്തു ഓടിത്തുടങ്ങി. ഞാൻ അതു കണ്ടമാത്രയിൽ ഓടിച്ചെന്നു അവളെ വീട്ടിൽ കൊണ്ടുവന്നു. ഇതു അവൾക്കു് അത്രരസിച്ചില്ല. ഏകദേശം ഒരു മണിക്കൂർ നേരത്തേക്കു് അവൾ അതിനായി കരഞ്ഞുകളഞ്ഞു. അവൾ പള്ളിയിലായിരിക്കുമ്പോൾ എന്നോടു് "മമ്മാ! ഞാൻ നല്ല എരിവോടേ പ്രാർത്ഥിച്ചു" എന്നു് ഉറക്കെ വിളിച്ചു പറയുമായിരുന്നു. അവളുടെ പിതാവു് നമസ്കരിക്കാതെ ഇരിക്കുന്നതു കാണുമ്പോൾ അവൾ "പപ്പാ! നമസ്കരിക്കുന്നില്ലയോ എന്നു ചോദിച്ചിരുന്നു. വലിയനോമ്പിന്റെ കാലത്തു ഏകദേശം 6 മണിക്കാണു് ഞാൻ പള്ളിയിൽ പോയിരുന്നതു്. ഞാൻ എഴുന്നേല്ക്കുമ്പോൾ അവളും എഴുന്നേല്ക്കും. ഞാൻ പള്ളിയിൽ പോകുവാൻ തുടങ്ങുമ്പോൾ അവൾ "മമ്മാ! ഞാൻ നല്ലവളായിരുന്നു കൊള്ളാം എന്നു പറയും. എന്റെ ക്രൂടെ അവൾ വന്നാൽ പള്ളിയിൽ നിന്നു തിരിച്ചുപോരുന്നതുവരെ അനങ്ങുകപോലും ചെയ്കയില്ല.

രണ്ടുവയസ്സു മാത്രം പ്രായമുള്ള ഒരു പൈതൽ ദൈവകാര്യങ്ങളിൽ ഇത്ര താല്പര്യം കാണിക്കുന്നെങ്കിൽ - കോരിച്ചൊരിയുന്ന മഴയുടെ സമയത്തു പള്ളിയിലേക്കു് ധൈര്യസമേതം ഓടുന്നതിനു് പ്രേരിപ്പിക്കപ്പെട്ടുന്നെങ്കിൽ - അതു ദൈവത്തിന്റെ ഒരു പ്രത്യേക അനുഗ്രഹമെന്നല്ലാതെ എന്തു പറയട്ടെ. ഈ സ്നേഹമാണു് "ഈശോയ്ക്കു് യാതൊന്നും നിഷേധിക്കുവാൻ എനിക്കു് വഹിയാ" എന്നു പറയുന്നതിനു് അവളെ നിർബ്ബന്ധിച്ചതു്. അവളിൽ

വിളങ്ങിയിരുന്ന പാരത്രിക വെളിച്ചത്തിന്റെ മാധുര്യം മിസ്സസ് മാട്ടിൻ നല്ലപോലെ അനുഭവിച്ചറിഞ്ഞു. ഈ സന്തോഷാവസരത്തിന്റെ മാറിനെ കുറയ്ക്കുവാനോ ഏതു തോന്നുമാറ് ചിലപ്പോഴെല്ലാം അനിഷ്ടസംഭവങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു. കൊച്ചുത്രേസ്യാ അവിചാരിതമായി വീഴുകയും അതിൽ വെച്ചു അവളുടെ നെറ്റിയ്ക്ക് സാരതരമായ ഒരു മുറിവു പറ്റുകയും ചെയ്തു. അതു ക്രമേണ വഷളിച്ചു വന്നതിനാൽ അവളുടെ ജീവിതം അപകടത്തിലായിത്തീർന്നു. എന്നാൽ ദൈവസഹായത്താൽ അതു സുഖപ്പെടുകയും വീണ്ടും അത്യാഹിതത്തിന്റെ കാർമേഘപടലങ്ങൾ മാട്ടിൻ അന്തരീക്ഷത്തിൽ നിന്ന് മറഞ്ഞു പോകുകയും ചെയ്തു. (തുടരും.)

ചില ഐതിഹ്യങ്ങൾ.

(റവ. തോമ്മസ്സ് കളം, കാവാലം.)

സ്രഷ്ടാവിന്റെ വിരഹത്തിൽ സൃഷ്ടികളെല്ലാം തന്നെ അവരുടെ ഹാർദ്ദവമായ ദുഃഖത്തെ സർവ്വപ്രകാരേണയും പ്രദർശിപ്പിച്ചതായി ഒന്നിലധികം ഐതിഹ്യങ്ങളുണ്ടെങ്കിലും കർത്താവിന്റെ പാടുപീഡകളെ അല്പം ശമിപ്പിക്കുന്നതിനു ശ്രമിച്ച ആകാശത്തിലെ പറവകളുടെ സ്നേഹസൂചകമായ ശ്രമം ശ്രവണീയമത്രെ.

ദിവ്യരക്ഷകൻ ക്രൂശിക്കപ്പെട്ട് ആസന്നമരണവേദന അവാച്യമായ വിധം അനുഭവിക്കവെ തന്റെ പരിശുദ്ധ ഫാലപ്രദേശത്തു നിർദ്ദാക്ഷിണ്യമായി അടിച്ചു ഇറക്കിയിരുന്ന മുള്ളുകളെ വലിച്ചൊട്ടുക്കുന്നതിന് ആകാശപറവകൾ ശ്രമിച്ചു. ഈ യത്നത്തിൽ ദിവ്യരക്ഷകന്റെ മുറിവുകളിൽ നിന്നു പ്രവഹിച്ചിരുന്ന രക്തം അതിന്റെ മാറ്റിടത്തിൽ തെറിക്കുന്നതിന്നിടയായി. ഏതൽ കാരണത്താൽ അതിനെ (Robin red breast) ചുവപ്പു നെ

ഞുമുള്ള റോബിൻ പക്ഷി എന്ന സംബോധനം ചെയ്യുന്ന. കുരിശിന്റെ ഇരുതണ്ടുകളിലേക്ക് കരങ്ങളെ ബലം പ്രയോഗിച്ചു വലിച്ചു നീട്ടി തറച്ചിരുന്ന ഇരുമ്പാണികളെ വലിച്ചെടുത്തു വേദനയെ നീക്കുന്നതിന് മനപ്പൂർവ്വമായി പരിശ്രമിച്ച ക്രോസ്സ് ബിൽ (Cross – bill) പക്ഷിയുടേതും മുമ്പിലത്തേതിനേറ്റുമായി ഏതാണ്ടു സാമ്യമുണ്ട്. ഇതിനെ സൃഷ്ടിച്ചപ്പോൾ ഇതിന്റെ മുണ്ടുകൾ നേരെ ആയിരുന്നെങ്കിലും അതിന്റെ നിരന്തരമായ പ്രയത്നം മൂലം അധരങ്ങൾ വളഞ്ഞതായിത്തീർന്നു. സ്നേഹസൂചകമായ ഒരടയാളമായിട്ടത്രെ ഇന്നും അവ വക്രരീതിയിൽ സ്ഥിതി ചെയ്യുന്നതു.

അവ്യക്തമായ ഏതാനും കാരണങ്ങൾകൊണ്ടു കുരികിലിനെ ഒരു മഹാ വഞ്ചകനെന്ന് വിളിച്ചു വരാറുണ്ട്. യൂദാസ്കറിയൊത്തായുടെ പ്രേരണയാൽ പ്രധാനാചാര്യന്റെ നേതൃത്വത്തിൽ വജ്രഹൃദയന്മാരായ സേനാസമൂഹം മിശിഹായെ ബന്ധനം ചെയ്യുന്നതിനായി ഗെത്സേമേനി ആരാമത്തിലേക്ക് ത്വരിതഗതിയിൽ പ്രയാണം ചെയ്തപ്പോൾ ലോകത്രാണേശന്റെ പ്രതിയോഗികളുടെ പക്കൽ നിന്നു ഓടിരക്ഷപ്രാപിച്ചുകൊള്ളട്ടേ എന്നു വിചാരിച്ചുകൊണ്ടു പക്ഷികളെല്ലാം കൂടി ആയോധനസൈന്യത്തെ മാർഗ്ഗനിരോധനം ചെയ്തു. ഈ അവസരത്തിൽ കുരികിൽ അതിന്റെ നിരന്തരവും അതികർശവുമായ ചിലപ്പു മൂലം ഇവരെ ന്യായാധിപന്റെ പക്കലേക്ക് ആനയിക്കുകയത്രെ ചെയ്തതു. ജ്വലിക്കുന്ന അഗ്നിയിൽ എണ്ണ ഒഴിക്കുന്നവിധം ഈ നന്ദിഹീനമായ പ്രവൃത്തികൊണ്ടു തൃപ്തിയാകാഞ്ഞിട്ടോ എന്നു തോന്നുമാറു, ക്രിസ്തനിഷ്ക്രമനായോ എന്നു പരിശോധിക്കുന്നതിനു റോമൻ പടയാളികൾ വന്നപ്പോൾ "ജീഫ്, ജീഫ്, (അയാൾ ജീവിക്കുന്നു) എന്നു അറിയിച്ചു. ഈ കൃത്യത്തിന്റെ ശിക്ഷയായി അദൃശ്യമായവിധം അതിന്റെ കാലുകൾ കെട്ടപ്പെട്ടിരിക്കുന്നതുകൊണ്ടു അതിനു ഓടാൻ പാടില്ലാതെ കുരികിൽ ഏന്തി, ഏന്തി അത്രെ നടക്കുന്നതു.

സ്രഷ്ടാവിന്റെ കഷ്ടാനുഭവസ്മാരകമായി പുഷ്പങ്ങളെ പ

റിയും ഐതിഹ്യങ്ങളില്ലാതില്ല. ദിവ്യ രക്ഷകന്റെ ഗാഗുൽത്താ യിലെ പാടുപീഡകളെ അനുസ്മരിപ്പിക്കുന്ന ഒരു ലതയാണ് പ കുപ്പാടിന്റെ പുഷ്പം (Passion flower). ഈ ചെടിയുടെ ജന്മ ഭൂമി അമേരിക്കയാണ്. സ്പെയിൻകാർ ആദ്യമായി അമേരിക്ക യിൽ അധിവസിച്ചപ്പോൾ ഇതിന്റെ വിചിത്രമായ ഘടന ക ണ്ടു അത്ഭുതപരതന്ത്രരായിട്ട് ഇതിന് അവർ പങ്കപ്പാടിന്റെ ചെടി എന്ന പേരിട്ടു. ഒരു സൂക്ഷ്മദർശി ഇതിന്റെ ഓരോ ഭാഗ ങ്ങളേയും ക്ലേശകഷ്ടമായി പരിശോധിക്കുമ്പോൾ രക്ഷകന്റെ ക ഷ്ടാനുഭവങ്ങളുമായി ഇതിനു വളരെ സാദൃശ്യമുള്ളതായി കാണുന്ന താണ്. മെക്സിക്കോയിലെ ഈശോസഭാ വൈദികർ, തത്വ ജ്ഞാനിയായ അരിസ്റ്റോട്ടലിന്റെ കൃതികളെയെല്ലാം വി. തോ മ്മസ് അകപിനാസ് ക്രിസ്തീയമാക്കിത്തീർത്തതുപോലെ, ഇതി നെ ജ്ഞാനസ്നാനപ്പെടുത്തി "അഞ്ചു തിരുമുറിവിന്റെ ചെടി" യെന്ന ക്രിസ്തീയ നാമം കൊടുത്തു. ദിവ്യ രക്ഷകന്റെ പാർശ്വ ത്തെ മുറിപ്പെടുത്തിയ കുന്തത്തെ ഇതിന്റെ ക്രത്ത് ഇലയും, ചെ ടിയുടെ കൊടിനാരുകളം കൽത്തൂണിൽ കെട്ടി അടിച്ച കൊരടാ വിന്റെ ഇരുകെട്ടുകളേയും, പുഷ്പത്തിന്റെ മദ്ധ്യേയുള്ള ബീജ കോശവാരകം കുരിശിന്റെ നടുവിൽ തലക്കുമുകളിൽ നില്ക്കുന്ന ഭാഗത്തേയും, അല്ലികളം അഥവാ പുഷ്പകേസരം ആണികളം ത റയ്ക്കുന്നതിനു ഉപയോഗിച്ച മൂർച്ചികകളേയും, അഞ്ചു കേസരാ ഗ്രങ്ങളം അഞ്ചു തിരുമുറിവുകളേയും, വൃത്താകൃതിയിലുള്ള പുഷ്പ ഗർഭം രക്ഷകന്റെ ശിരസ്സിനു മീതെയുള്ള പ്രഭാമണ്ഡലത്തേയും, ഇളയതും വെളുത്തതുമായ പുഷ്പദലം മിശിഹായുടെ പരിശുദ്ധത യേയും, ഇളനീലനിറം സ്വർഗ്ഗത്തേയും, പുഷ്പത്തിന്റെ ജീവിതകാ ലമായ ത്രിദിനം രക്ഷകന്റെ മൂന്നുവർഷത്തെ പരസ്യജീവിതത്തേ യും സൂചിപ്പിക്കുന്നു.

ശോണവർണ്ണമുള്ള പൂള്ളികളോടു ക്രൂടിയ അനേക ചെടി കുടുംബം ഗാഗുൽത്താമലയുമായി ഏതാണ്ടു സംബന്ധമുണ്ട്. ദി വ്യ രക്ഷകന്റെ കുരിശുമരണത്തിനുമുമ്പു ഈ ചെടികളം യു ലൊം ചെറിയവയായിരുന്നു. എന്നാൽ മരണദിവസം തിരുര

കുത്തിന്റെ ഏതാനും തുള്ളികളും വീണതുമൂലം അവ വളച്ചു യെ പ്രാപിച്ചു. ആ സുസ്മരണയെ നിലനിറുത്തുന്നതിനായി ഇന്നും രക്തവർണ്ണ ചിഹ്നങ്ങളും കാണപ്പെട്ടുന്നുണ്ട്. ഇലകളിൽ അസാധാരണമായ ചുവന്ന കണങ്ങളോടുകൂടിയ ചെടിയെ "കാൽവരി ക്ലോവർ" എന്ന പേരിനാലാണു അറിയപ്പെട്ടുന്നതു.

യൂദന്മാരുടെ രാജാവായ നസ്രായെക്കാരൻ ഈശോ I. N. R. I. എന്നു എഴുതിയിരുന്ന പലകയെ കുരിശിന്റെ മുകളിൽ വെച്ചു തറക്കുന്നതിനായി പോയ പന്തിയോസ് പീലാത്തോസിന്റെ കാലടികളും പതിഞ്ഞ സ്ഥലത്താണു് "കാൽവാരിക്ലോവർ" ചെടിവളരുന്നതെന്നും ഒരു ഐതിഹ്യമില്ലാതില്ല. ക്ഷീണിച്ചു തളർന്നു വീണും അവാച്യങ്ങളായ നാനാവിധ ക്ലേശങ്ങളും അനുഭവിച്ചു കൊണ്ടു ക്രിസ്തു ഗാഗുൽത്താ മലയിലേക്കു് പോകുന്നതിനെ ദർശിച്ചു ആർദ്രചിത്തയായ ഒരു കന്യക ആ ജനക്രൂരന്റെ മദ്ധ്യേ ക്രൂടെ നടന്നു വന്ന ഒരു തൂവാലകൊണ്ടു യേശുനാഥന്റെ മുഖത്തുണ്ടായിരുന്ന സ്വേദത്തെ തുടച്ചു വെടിപ്പാക്കി. മിശിഹായുടെ മരണശേഷം തന്റെ തിരുമുഖത്തിന്റെ യഥാർത്ഥരൂപം പൂർണ്ണമായി അതിൽ പതിഞ്ഞിരിക്കുന്നതിനെ കണ്ടിട്ടു അവർക്കു് വളരെ അത്ഭുതവും സന്തോഷവുമുണ്ടായി. ഇതുകൊണ്ടാണു് ശരിയായ പ്രതിമ അഥവാ വാസ്തവമായ സാദൃശ്യം എന്നർത്ഥമുള്ള വേറോനിക്കാ എന്ന നാമം ആ സ്ത്രീരത്നത്തിനു ലഭ്യമായതു.

ദിവ്യരക്ഷകന്റെ കഷ്ടാനുഭവത്തിന്റെ ഒട്ടും അപ്രധാനമല്ലാത്ത ഒരു ഭാഗമാണല്ലൊ മുൾമുടി ധാരണം. ഈ ആവശ്യത്തിനുപയോഗിച്ച ചെടിയുടെ പുഷ്പങ്ങൾ ആദ്യകാലത്തു വെള്ളയായിരുന്നു. എന്നാൽ ഇതുകൊണ്ടുണ്ടാക്കിയ മുൾമുടി തലയിൽ തറച്ചപ്പോൾ ഏതാനും രക്തതുള്ളികൾ യാദൃച്ഛികമായി തെറിച്ചു സമീപമുണ്ടായിരുന്ന ചെടിയുടെമേൽ വീണതു് നിമിത്തം അന്നു മുതൽ പുഷ്പങ്ങൾ ശോണവർണ്ണമായിത്തീർന്നു ഒരു സംസാരം ജനസമുദായത്തിലുണ്ടു്.

വേദപുസ്തക വ്യാഖ്യാനം.

വെരി. റവ. ഫാദർ ജോൺ ബക്മാൻസ്, പ്രയർ ജനറൽ.

പൌലോസ് ശ്ലീഹായുടെ ലേഖനം: "നിങ്ങൾ സ്വീകരിച്ചിരിക്കുന്ന ദൈവത്തിന്റെ വരപ്രസാദം വ്യർത്ഥമായിത്തീരാതിരിപ്പാൻ വേണ്ടി സഹപ്രവർത്തകന്മാരെപ്പോലെ ഞങ്ങൾ നിങ്ങളോടു യാചിക്കുന്നു. എന്തുകൊണ്ടെന്നാൽ: ഞാൻ സ്വീകാര്യമായ സമയത്തു നിന്നോടു ഉത്തരം ചൊല്ലി; ആയുസ്സിന്റെ ദിവസത്തിൽ നിന്നെ സഹായിച്ചു: എന്നു അവിടുന്നു അരുളിച്ചെയ്തുവല്ലോ. ഇതാ, ഇപ്പോൾ സ്വീകാര്യമായ സമയം ആകുന്നു; ഇതാ, ഇപ്പോൾ ആയുസ്സിന്റെ ദിവസം കൈവന്നിരിക്കുന്നു. ഞങ്ങളുടെ ശുശ്രൂഷയിൽ കുറയുണ്ടാകാതിരിക്കുന്നതിനുവേണ്ടി, യാതൊരു മനുഷ്യനും ഇടർച്ചക്കു ഹേതു കൊടുക്കാതെ സകലത്തിലും ഞങ്ങളെത്തന്നെ ദൈവത്തിന്റെ ശുശ്രൂഷകന്മാരായി കാണിക്കുന്നു. ദീർഘക്ഷമയിലും, പീഡകളിലും, ബുദ്ധിമുട്ടുകളിലും, സങ്കടങ്ങളിലും, അടികളിലും, കാരാഗൃഹങ്ങളിലും, കലഹങ്ങളിലും, അദ്ധ്വാനങ്ങളിലും, ഉറക്കിളപ്പുകളിലും, പട്ടിണികളിലും, ശുദ്ധതയിലും, ജ്ഞാനത്തിലും, അരുപിയുടെ ശാന്തതയിലും, മാധുര്യസ്വഭാവത്തിലും, പരി. ആത്മാവിലും, നിഷ്കപട സ്നേഹത്തിലും, നീതിയുടെ വചനത്തിലും, ദൈവത്തിന്റെ ശക്തിയിലും, ഇടത്തും വലത്തും നീതിയുടെ ആയുധം ധരിച്ചു മാനാപമാനങ്ങളും, സൽകീർത്തി ദുഷ്കീർത്തികളും സഹിക്കയും, ചതിയന്മാരെപോലെ ഗണിക്കപ്പെട്ടാലും സത്യപാലകന്മാരായി വർത്തിക്കയും ചെയ്യുന്നതിലും, ആരും അറിയാത്തവരെങ്കിലും എല്ലാവർക്കും അറിയപ്പെട്ടവരും, മരിക്കുന്നവരെങ്കിലും, ജീവിച്ചിരിക്കുന്നവരും, പീഡിതരെങ്കിലും, മരണം പ്രാപിക്കാത്തവരും, ദുഃഖിതരെങ്കിലും സദാ സന്തോഷഭരിതരും, ദരിദ്രരെങ്കിലും പലരെയും സമ്പന്നന്മാ

രാക്കുന്നവരും, നിങ്ങനെങ്കിലും സകലവിധ സമൃദ്ധിയുള്ളവരുമായി ജീവിക്കുന്നതിലും" അതു അടങ്ങിയിരിക്കുന്നു. (വ. കോറി. ന്യ. ൧ - ൧൦.)

വലിയ നോമ്പിന്റെ ആദ്യ ഞായറാഴ്ച നമ്മുടെ കണ്ണുപുടങ്ങളിൽ മാതാവായ തിരുസ്സഭ ധ്യാനിപ്പിക്കുന്ന വി. പൗലോസിന്റെ രക്ഷാകര സുവിശേഷമാണു മേലുദ്ധരിച്ചിട്ടുള്ളതു. ഗംഭീരാശയനായ ശ്ലീഹാ കൊറീന്ത്യക്കു എഴുതിയ ദ്വിതീയ ലേഖനത്തിൽനിന്നു ഉദ്ധരിച്ചിട്ടുള്ള ഈ ഘട്ടം രണ്ടു ഭാഗങ്ങളായി വിഭജിക്കാം.

ആദ്യ ഭാഗത്തിൽ എത്രയും അമൂല്യ ദൈവദാനമായ വരപ്രസാദം വിഫലമാകാതിരിപ്പാൻ എല്ലാവരും സശ്രദ്ധം വർത്തിക്കണമെന്നു അദ്ദേഹം ഉപദേശിക്കുന്നു. വരപ്രസാദം ജ്ഞാനസ്നാനം വഴിയായി നമുക്കു ലഭ്യമായിട്ടുണ്ടു. ദൈവം കഴിഞ്ഞാൽ ഈ വരപ്രസാദത്തെപ്പോലെ വിലയുള്ളതായി മറെറാന്നും സ്ഥിതിചെയ്യുന്നില്ല. ജ്ഞാനസ്നാനം എന്ന ക്രമാശ വഴിയായി പൗലോസു അവൎക്കു വരപ്രസാദത്തിന്റെ ആദ്ധ്യാത്മിക ജീവൻ പകൎന്നു കൊടുത്തിരിക്കുക നിമിത്തം അദ്ദേഹം ദൈവത്തിന്റെ സഹപ്രവൎത്തകനാകുന്നു. സ്വാഭാവിക ക്രമത്തിൽ ഒരു പിതാവിനു താൻ ജനിപ്പിച്ച പുത്രനോടു എത്ര ബന്ധമുണ്ടോ, അതുപോലെയാണു ശ്ലീഹായ്ക്കു താൻ വരപ്രസാദത്തിൽ മിശിഹായ്ക്കായി ജനിപ്പിച്ച ക്രിസ്ത്യാനികളോടുള്ള ബന്ധവും എന്നു സിദ്ധിക്കുന്നു. ഈ ന്യായത്താലാണു പിതൃസ്നേഹത്തിന്റെ തീക്ഷ്ണതയോടുകൂടി ആദ്ധ്യാത്മികജീവിതത്തെ ഉല്പാദിപ്പിക്കുന്ന ദൈവവരപ്രസാദം യാതൊരു അധമ്മം വഴിയായി നഷ്ടപ്പെടുത്താതെ കാത്തുപാലിക്കണമെന്നു സ്വജാതന്മാരോടു അദ്ദേഹം യാചിക്കുന്നതു.

എന്നാൽ വരപ്രസാദം നഷ്ടപ്പെടുത്താതിരുന്നാൽ മാത്രം മതിയാകയില്ല. അതിൽ അഭിവൃദ്ധിപ്രാപിപ്പാനും ന്യായമാകുന്നു.

നമ്മിൽ ശാരീരികവും, ബോധാത്മകവും, ആദ്ധ്യാത്മികവും ഇങ്ങനെ ത്രൈവിധ ജീവനുണ്ടു. ഓരോന്നിനും വ്യത്യസ്തമായ പ്രകൃതിയും, പ്രവൎത്തികളും, വികാസവും നാം നമ്മിൽതന്നെ

കാണുന്നു. ശാരീരിക ജീവൻ നമുക്കു മൃഗങ്ങളോടുകൂടി പൊതുവായിട്ടുള്ള ഒന്നാണ്. അതു മരണത്തോടുകൂടി അവസാനിക്കയും ചെയ്യുന്നു. ബോധാത്മക ജീവൻ ബുദ്ധി, മനസ്സു, സ്വാതന്ത്ര്യം എന്നിവകളോടു പ്രവർത്തികളിൽ നിന്നു പ്രത്യക്ഷപ്പെടുന്നു. ഇതു എല്ലാ മനുഷ്യർക്കും, ക്രിസ്ത്യാനികൾക്കും ക്രിസ്തുതരമാക്കും ഒരുപോലെ സിദ്ധിച്ചിട്ടുള്ളതാകുന്നു. എന്നാൽ ആദ്ധ്യാത്മിക ജീവൻ ജ്ഞാനസ്നാനത്തിൽ ലഭിക്കുന്ന വരപ്രസാദം വഴിയായി നമ്മിൽ ഉല്പാദിക്കുന്നു. ഇതുമാത്രം നമ്മെ ദൈവത്തിന്റെ ഇഷ്ടമാരും, മക്കളും, മോക്ഷഭാഗ്യത്തിനു അവകാശികളുമാക്കുന്നു. ഇതിനാലാണ് "യാതൊരുത്തൻ വെള്ളവും പരിശുദ്ധാത്മാവിയും വഴിയായി നവജീവൻ പ്രാപിക്കയില്ലായെങ്കിൽ അവൻ ദൈവത്തിന്റെ രാജ്യത്തിൽ പ്രവേശിപ്പാൻ സാദ്ധ്യമാകയില്ല." (യോ. സു. ൩.) എന്നു ദിവ്യരക്ഷകൻ സ്ഥാപിച്ചിരിക്കുന്നതു. ഇതിൽ നിന്നു "ഏതു പരി. അരൂപി വഴിയായി മിശിഹാ ജാതനായൊ അപ്പരി. അരൂപി വഴിയായി മനുഷ്യൻ നവജാതനാകുന്നു" എന്നു വി. അഗുസ്തിനോസു അനുമാനിക്കുന്നു. ഈ നവജീവന്റെ ഫലത്തെ പറഞ്ഞു "ഇനി ഞാനല്ല ജീവിക്കുന്നതു, പിന്നയൊ മിശിഹായത്രെ എന്നിൽ ജീവിക്കുന്നതു." (ഗാല. ൨. ൨൦.) എന്നു പൗലോസു യുക്തിപൂർവ്വം സമർത്ഥിക്കയും ചെയ്യുന്നു. എന്നാൽ യാതൊരു മനുഷ്യനും ആയുസ്സു നഷ്ടപ്പെടാത്തതു കൊണ്ടു മാത്രം സംതൃപ്തനാകുന്നില്ല. അതു പരിപുഷ്ടിയാക്കുവാനാണു അവൻ അഹോരാത്രം പരിശ്രമിക്കുന്നതു. ഇതിൽ നിന്നു ആദ്ധ്യാത്മിക ജീവിതത്തിന്റെ മൂലാധാരമായ വരപ്രസാദം നാം പൗലോസിനെപോലെ മിശിഹായിൽ ജീവിച്ചുകൊണ്ടു അനുദിനം അഭിവൃദ്ധിപ്പെടുത്തുവാൻ ആവശ്യമാകുന്നു എന്നു തെളിയുന്നു.

വീണ്ടും പ്രേഷിതൻ പറയുന്നതു ഈ വരപ്രസാദജീവിതത്തിൽ അഭിവൃദ്ധി പ്രാപിക്കുന്നതിനുള്ള സമയം നമുക്കു കൈവന്നിരിക്കുന്നു എന്നതാണ്. ഏശായാ ദീർഘദർശിവഴിയായി ദൈവം ഇസ്രായേൽ ജനത്തോടു അരുളിച്ചെയ്തതു പോലെ, ഇപ്പോൾ വി. പൗലോസു വഴിയായി ക്രിസ്ത്യാനികളോടു ഈ വലിയ നോ

ന്റെ കാലത്തിൽ സഭാകായ്മായ നിത്യായുസ്സിന്റെ ദിവസം നമുക്കുദിച്ചിരിക്കുന്നു എന്നുപദേശിക്കുന്നതു എത്രയും അർത്ഥവത്തായിട്ടുള്ള ഒന്നാകുന്നു. ആകയാൽ വരപ്രസാദജീവിതത്തിൽ വളരുന്നതിനും തദ്വാരാ നിത്യഭാഗ്യത്തിൽ ചെന്നുചേരുന്നതിനും തക്കവിധം നാം ഈ നോമ്പുകാലം വിനിയോഗിക്കണം. പാപജീവിതത്തെയും അധർമ്മകൃത്യങ്ങളെയും വർജ്ജിക്കയും അതോടുകൂടി നോമ്പും, ശാരീരിക തപകൃത്യങ്ങളും യഥാശക്തി അനുഷ്ഠിക്കയും, കുർബ്ബാന, സ്ലീവാപാഠ മുതലായ സുകൃതകൃത്യങ്ങൾ ഭക്തിപൂർവ്വം നിറവേറുകയും, ധർമ്മം നല്കുകയും, വിശിഷ്യ, ക്രൂടെക്രൂടെ ദിവ്യകാരുണ്യം സ്വീകരിച്ചു ദൈവത്തോടു ഐകീഭവിച്ചു ജീവിക്കുകയും ചെയ്യുന്നതിനു നാം സർവ്വശ്രമവും ചെയ്യുവാനാവശ്യമാകുന്നു. ഇപ്രകാരം ചെയ്താൽ "വരപ്രസാദം എന്നിൽ വ്യർത്ഥമായിരുന്നില്ല." (ഫ. കോറി. ൬. ൧൦.) എന്നു നമുക്കും ശ്ലീഹായോടുകൂടി പറവാൻ സാധിക്കും.

രണ്ടാം ഭാഗത്തിൽ ശ്ലീഹാ, ആത്മാദരവിനായി തന്റെ പ്രേഷിതജീവിതത്തിന്റെ മാഹാത്മ്യത്തെ വിശദീകരിച്ചു പ്രസംഗിക്കയാണ് ചെയ്യുന്നതു. അജ്ഞാനികളും, യഹൂദന്മാരും മാത്രമല്ല, മാനസാന്തരപ്പെട്ട ക്രിസ്ത്യാനികളിൽ ക്രൂടെയും ഒരു വലിയ ഭാഗം അദ്ദേഹത്തെ അധിക്ഷേപിക്കയും പ്രതിക്രൂലിക്കയും ചെയ്തിരുന്നു. പൗലോസു പഴയ നിയമം അവഗണിക്കുന്നെന്നും, ഒരു ശ്ലീഹായുടെ സ്ഥാനം പൂർണ്ണമായി അദ്ദേഹത്തിനു ലഭിച്ചിട്ടില്ലെന്നും, തന്നിമിത്തം മറ്റു പ്രേഷിതരോടു തുലനം ചെയ്യുമ്പോൾ അദ്ദേഹം അധമനാണെന്നും അവർ വാദിച്ചിരുന്നു. ദൈവരാജ്യത്തിന്റെ പ്രചരണത്തിനും തന്റെ സുവിശേഷപ്രസംഗത്തിന്റെ ഫലസമൃദ്ധിക്കും, ഈവക കുറ്റാരോപണങ്ങൾ നിമിത്തം ഹാനിതട്ടാതിരിപ്പാനായി പൗലോസു സ്വന്തനിലയും വിലയും, മറ്റവസരങ്ങളിൽ ചെയ്തിട്ടുള്ളതുപോലെ, ഇവിടെയും പ്രതിപാദിപ്പാൻ നിർബ്ബന്ധപ്പെട്ടു.

മിശിഹായുടെ സേവനം ചെയ്യുന്നതിൽ വി. പൗലോസ് വിരോധങ്ങളും, അപമാനങ്ങളും, പീഡകളും സഹിപ്പാൻ ആവ

ശ്രപ്പെട്ടെങ്കിൽ നാം അവയിൽ നിന്നു വ്യത്യാസപ്പെട്ട ഒരു പ
ന്ഥാവു സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതിനു കണ്ടെത്തുകയില്ല എ
ന്നതു നിശ്ചയമാണ്. ലോകത്തിന്റെ ദാസന്മാർ ജീവിത സമര
ത്തിൽ പീഡകളും അനുഭവിപ്പാൻ ഇടയാകുന്നുണ്ടെങ്കിൽ, ലോ
കത്തോടു തന്നെ സമരം ചെയ്യുന്ന വരപ്രസാദത്തിന്റെ മക്കളാ
യ ദൈവ ദാസന്മാർ കുരിശുകളും സഹിപ്പാൻ ഏററവും ന്യായമാ
കുന്നു എന്നു ദൈവപുത്രൻ തന്നെ നമ്മെ പഠിപ്പിച്ചിരിക്കുന്നു.

സുവിശേഷസത്യങ്ങളും വാക്കിലും പ്രവൃത്തിയിലും പരിപ്പി
ക്കുന്നതിനു താൻ ഒരിക്കലും അലസനായിരുന്നിട്ടില്ലെന്നും, അവ
യ്ക്കു വേണ്ടി താൻ അക്ഷീണപരിശ്രമം ചെയ്തുയും, വിശപ്പും, ദാ
ഹവും, കാരാഗൃഹവും, നാനാതര പീഡകളും, അവർണ്ണനീയ സ
ങ്കടങ്ങളും അനുഭവിക്കയും ചെയ്തിട്ടുണ്ടെന്നും, താൻ ഒരു മനുഷ്യ
നും ഭാരം വരുത്തിയിട്ടില്ലെന്നും, ദൈവത്തിന്റെയും മനുഷ്യരുടെ
യും മുമ്പാകെ തന്റെ ശുശ്രൂഷ നിർമ്മലമായതാണെന്നുമാണ
വി. പൗലോസു ഇവിടെ യുക്തിപൂർവ്വം വാദിക്കയും തെളിയിക്കുക
യും ചെയ്യുന്നതു. ഈ സംഗതികളും അദ്ദേഹത്തിന്റെ യോഗ്യ
തകളും അനിഷേധ്യമായി വിളിച്ചുപറയുന്നു. സുവിശേഷശുശ്രൂ
ഷയിൽ പൗലോസിനെ അനുഗമിക്കുന്ന വൈദികർ മാത്രമല്ല,
കുടുംബചിന്താക്കന്മാരും, മറവു അധികാരപദങ്ങളും സിദ്ധിച്ചിട്ടു
ള്ളവരും, അതുപോലെ ഏതേതു അന്തസ്സിൽ ജീവിതം നയിക്കു
ന്നവരും, തങ്ങളുടെ കർത്തവ്യ കടമകളും അനുസരിച്ചു സത്യവും,
സുകൃതവും അനുഷ്ഠിക്കയും, സുധർമ്മപാലനത്തിനായി പീഡകളും
സഹിക്കയും, ദൈവത്തിന്റെയും ലോകത്തിന്റെയും മുമ്പാകെ
സ്വീകാര്യമായ ജീവിതം നയിക്കുകയും ചെയ്യുന്നു എന്നു ദൃഷ്ടാന്ത
സഹിതം തെളിയിപ്പാൻ യോഗ്യതയുള്ളവരായിത്തീരുമെങ്കിൽ
അവർ ഭാഗ്യവാന്മാരാകുന്നു. ഇതിലാണ് നമ്മുടെ സകല അ
ഭിമാനവും നാം നിക്ഷേപിക്കേണ്ടതു.

ആകയാൽ ദൈവപ്രസാദം പാപകൃത്യങ്ങളും വഴിയായി
വിഫലമാക്കാതെ സുകൃതാനുഷ്ഠാനം മൂലം സദാ നമ്മിൽ പരി
പോഷിപ്പിക്കയും, സ്വന്ത അന്തസ്സിന്റെ കടമകളും ദൈവത്തി

ന്റെയും മനുഷ്യരുടെയും സമക്ഷം ശ്ലാഘനീയമായ വിധം നിവ്വഹിച്ചു ജീവിക്കയും ചെയ്യണമെന്നുള്ള ആത്മാർത്ഥിക തത്വങ്ങൾ നാം സാദരം സ്വീകരിച്ചു ജീവിക്കുന്നതിനു വി. പൗലോസിന്റെ ഉജ്വലങ്ങളായ ഉപദേശം നമുക്കു സദാ പ്രേരകമായിരിക്കട്ടെ!

തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ വെക്കേണ്ടതായ

പൊതുനിയോഗം.

കത്തോലിക്കാ പരിശ്രമം.

ഒരു സമുദായത്തിന്റെ ശ്രേയസ്സ് തദംഗങ്ങളുടെ ആത്മാർത്ഥമായുള്ള പരിശ്രമത്തിലാണ് സ്ഥിതിചെയ്യുന്നതെന്നുള്ളതിനു പക്ഷാന്തരമില്ല. വ്യക്തിപരമായ അലസത സമുദായത്തിനു ഒന്നാകെ കോട്ടം വരുത്തുന്നതാണ്. അതുകൊണ്ടു ഓരോരുത്തരും അവനവന്റെ ചുമതല ധർമ്മബോധത്തോടു കൂടി നിവ്വഹിക്കേണ്ടതാണെന്നു പ്രത്യേകം പറയേണ്ട ആവശ്യം കാണുന്നില്ല. കത്തോലിക്കരായ നാം നമ്മുടെ സഭാമാതാവിന്റെ വീര സന്താനങ്ങളായിത്തീരാനാഗ്രഹിക്കുന്നുണ്ടെങ്കിൽ ഇതുകൊണ്ടൊന്നും നമുക്കു തൃപ്തിപ്പെട്ടിരുന്നുകൂടാ. നമ്മളിൽ ഓരോരുത്തരും തിരുസ്സഭയുടെ അഭിവൃദ്ധിക്കും അഭ്യുദയത്തിനും വേണ്ടി എന്തു ത്യാഗവും ചെയ്യാൻ തയ്യാറായിരിക്കേണ്ടതാണ്. മറ്റുള്ളവരും നമ്മുടെ സദാമാതാവിനെ അറിഞ്ഞാശ്ലേഷിക്കാൻ തക്കവണ്ണം നിമ്മലജീവിതം നാം നയിച്ചുകൊള്ളണം. കത്തോലിക്കാ വിശ്വാസം എല്ലായിടത്തും അറിയപ്പെടുന്നതിനും ബഹുമാനിക്കപ്പെടുന്നതിനും സ്നേഹിക്കപ്പെടുന്നതിനും നാം സർവ്വാത്മനാ പരിശ്രമിക്കണം. നമ്മുടെ എല്ലാ പ്രയത്നങ്ങളും കത്തോലിക്കാ അരൂപിയോടുകൂടി ദൈവതിരുമനസ്സിനനുയോജ്യമായ വിധത്തിൽ നിവ്വഹിച്ചെങ്കിൽ മാത്രമേ അവ ഫലവത്തായിത്തീരുകയുള്ളൂ. അതുകൊണ്ടു ഈ ഉദ്ദേശസാദ്ധ്യത്തിനായി ഈ മാസത്തിൽ പ്രത്യേകം തിരുഹൃദയഭക്തന്മാർ പ്രാർത്ഥിക്കേണ്ടതാണ്.

ഒരു കുടുംബത്തിന്റെ മാനസാന്തരം.

നാല്പതിൽപ്പരം വർഷങ്ങളായി യാക്കോബായ സഭയിലെ ഒരു പട്ടക്കാരനും കവിയൂർ സ്റ്റീബാപ്പള്ളി വികാരിയും ആയിരുന്ന കുലയക്കാട്ടിൽ ദിവ്യശ്രീ കെ. വി. തോമ്മാക്കത്തനാർ ഫെബ്രുവരി 8-നു- ഞായറാഴ്ച അദ്ദേഹത്തിന്റെ ഇടവകപ്പള്ളിയിൽ വിശുദ്ധകുർബ്ബാനയണച്ചശേഷം താഴെ പറയുന്ന രീതിയിൽ സഗൽഗദം ഒരു പരസ്യപ്രസ്താവന ചെയ്തു.

പ്രിയമുള്ളവരേ, എനിക്കു ഏറ്റവും പ്രയാസമുള്ളതും നമുക്ക് ഇരുകൂട്ടർക്കും ഒരുപോലെ മർമ്മഭേദകവുമായ ഒരു സംഗതി പ്രസ്താവിച്ചുകൊള്ളുന്നു.

യാക്കോബായ സഭയിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന കലഹം, പാത്രിയക്കീസുബാവാ, മെത്രാപ്പോലീത്താ, പട്ടക്കാർ, അൽമേനികർ ഇവർ വ്യക്തിയായും പൊതുവേയും സഭാരേണത്തിൽ അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രയാസങ്ങൾ, ഇവയെപ്പറ്റി ഞാൻ ദീർഘമായി ആലോചിച്ചതിന്റെ ഫലമായും വേറെ ചില കാരണങ്ങൾകൊണ്ടും കാതോലിക്കാ സമുദായത്തിലെ ഒരംഗമായിത്തീരുകയെന്നുള്ളതു് എനിക്കു ഭാവിസമാധാനത്തിനും ആത്മശാന്തിക്കും മനസ്സാക്ഷിയുടെ പരിശുദ്ധമായ സംരക്ഷണയ്ക്കും കൂടുതൽ സഹായമായിത്തീരുമെന്നു രീച്ചിട്ടുള്ളതിയിരിക്കുന്നു. ഈ പള്ളിയുടെ ആദ്യത്തെ ഒരു കല്ലു സ്ഥാപിച്ച പ്പോൾ മുതൽ ഇന്നു ഈ സമയംവരെ ഞാൻ നിങ്ങൾക്കു ശുശ്രൂഷചെയ്തു. ഇത്രയും കാലം നിങ്ങൾ എന്നെ ഹൃദയപൂർവ്വം സ്നേഹിക്കയും ബഹുമാനിക്കുകയും വേണ്ട സഹായങ്ങൾ ചെയ്കയും ചെയ്തിട്ടുണ്ടു്. അതിൽ എനിക്കു നിങ്ങളോടുള്ള വ്യക്തമായ നന്ദിയെ പ്രദർശിപ്പിക്കയും ഭാവിയിലും നിങ്ങളുടെ സഹായസഹകരണങ്ങളേയും ഹൃദയപൂർവ്വമായ പ്രാർത്ഥനയേയും അഭ്യർത്ഥിക്കയും ചെയ്യുന്നു.

എന്റെ മാറത്തെപ്പറ്റി ആളാംപ്രതിയും പള്ളിയിൽവച്ചു പൊതുവേയും ഞാൻ പ്രസ്താവിച്ചിട്ടുണ്ട്. ഭൂതവും ഭാവിയുമായ കാലഘട്ടങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ ഒരുകൂട്ടർ എന്നെ ദോഷനെന്നും മറെറാരുകൂട്ടർ അത്യാഗ്രഹി എന്നും വിധിച്ചേക്കും. പരസ്യമായ വൈരമുള്ളവനോട് എന്തു പറഞ്ഞാലും ഫലമില്ല. എങ്കിലും ഒരു സംഗതി പറയാം. ഈ ഇടവകയിൽ 400-ൽപരം വീട്ടുകാർ എന്നെ സഹകരിച്ചും എന്നെ ബഹുമാനിച്ചും അനുസരിച്ചും ഇരിക്കുന്നുണ്ട്. ഉപരി വിദ്യാഭ്യാസം, ഉയർന്ന മനസ്ഥിതി, നല്ലധനസ്ഥിതി മുതലായവയാൽ പൂജനീയരായ ഒരു വലിയ സമൂഹത്തിന്റെ ആത്മീയപിതാവായി ഞാൻ ജീവിച്ചുവരുന്നു. മനോഹരമായ ഒരു പള്ളിയും അതിൽവേണ്ട സാമഗ്രികളും എന്റെ സ്വാധീനത്തിലാണ്. ഭാവിയോ, പള്ളിയില്ല, പള്ളിസ്ഥലമില്ല, ശവക്കോട്ടയില്ല. കാപ്പയാകട്ടെ, കാസ്സായാകട്ടെ മറു പള്ളി സാമാനങ്ങളാകട്ടെ എല്ലാം ഞാൻ ഇനിയും ഉണ്ടാക്കേണ്ടിയിരിക്കുന്നു. ജനമോ വിരലിൽ എണ്ണുന്നതിനുപോലും എന്നെ അനുശമിക്കുമോ എന്നുകൂടി ഞാൻ സംശയിക്കുന്നു. എന്നിരുന്നാലും എന്റെ മനസ്സാക്ഷിക്കനുസരിച്ചു പ്രകാശമേറിയ ഒരു സ്ഥലം ഞാൻ കാണുന്നു. ഈ സംഗതിയിൽ വലിയ സന്തോഷമല്ലാതെ എനിക്കു യാതൊരു നിരാശയും ഇല്ല. ഈ പള്ളിയിലെ സകല സാമാനങ്ങളും ഞാൻ ഇവിടെ വച്ചിരിക്കുന്നു. യാതൊന്നും ഞാൻ എടുത്തിട്ടില്ല. നിങ്ങളോട് എനിക്ക് ഒരു അപേക്ഷയുണ്ട്. ഇതു നിങ്ങൾക്ക് സങ്കടകരമെങ്കിൽ ക്ഷമിക്കണം. എന്നെ വഞ്ചകനെന്നോ ദ്രോഹിയെന്നോ വിളിക്കരുതു്. ആ രീതിയിൽ ഇവിടെ ഞാൻ ഒന്നും പ്രവർത്തിച്ചിട്ടില്ലെന്നു നിങ്ങൾക്കറിയാമല്ലൊ.

ഞാൻ ഒരു കത്തോലിക്കനാകുന്നു എങ്കിലും, ചങ്ങനാശ്ശേരിക്കോ, റോമയിലേക്കോ പോകുന്നില്ല. പഴയ കൂലേക്കാട്ടിലച്ചനായി എന്റെ മിത്രങ്ങളുടെ ഇടയിൽത്തന്നെ താമസിക്കുന്നു. എന്റെ സഭയുടെ കാതലായ വിശ്വാസങ്ങൾക്ക് മാറ്റം വരുത്തുന്നില്ല. അപ്പൊസ്തോലികമായ പിൻതുടർച്ച, മായമില്ലാത്ത വിശ്വാ

സം, ശരിയായ ഭരണഘടന മുതലായവയാൽ നമുക്കു യോജിക്കുന്നതിന് വല്ല സൗകര്യവുമുണ്ടെങ്കിൽ അതു കത്തോലിക്കു സഭയുമായിട്ടാണെന്നു ഞാൻ വിശ്വസിക്കുന്നു. നിങ്ങളോട് ആരോടും എനിക്കു ഒരു വിരോധവുമില്ല. വല്യമെത്രാച്ചൻ എന്റെ ഗുരുവും പിതാവുമാണ്. മറ്റു മെത്രാച്ചന്മാർ എനിക്കു പൂജനീയന്മാരാണ്. എന്റെ ഈ മനസ്ഥിതിക്ക് മാറ്റം വരികയില്ലെന്നു എനിക്കു ഉറപ്പുണ്ട്. ഞാൻ നിങ്ങളെ എങ്ങനെ സ്നേഹിച്ചുവോ അതുപോലെതന്നെ മേലിലും ഇരിക്കുന്നതാണ്. മേലാലും ഞാൻ നിങ്ങൾക്ക് ഉപകാരിയായിരിക്കുമെന്നും നിങ്ങൾ ആഗ്രഹിക്കുന്ന പക്ഷം വേണ്ട സഹായങ്ങളും കഴിവുപോലെ ചെയ്യുന്നതിനു സന്നദ്ധനാണെന്നും അറിയിച്ചുകൊള്ളുന്നു. നിങ്ങൾക്കുവേണ്ടി ദൈവികാശ്രയത്തിൽ ജാഗരൂകനായിരിക്കയും ചെയ്യും.

നിങ്ങളോട് ഒരു ഗുണദോഷം പറയുന്നതിനുണ്ട്. നമ്മുടെ സഭയിൽ മതബോധം തീരെ കുറഞ്ഞുപോയിരിക്കുന്നു. പട്ടക്കാരെ അഭ്യസിപ്പിക്കുന്നതിനുള്ള സ്ഥാപനങ്ങളും ഇല്ല. വായിക്കുന്നതിനു പുസ്തകങ്ങളും ഇല്ല. ജനങ്ങളെ അഭ്യസിപ്പിക്കുന്നതിനുള്ള ഏർപ്പാടുകളും ഇല്ല. ഭരണമോ അലക്കോലത്തിന്റെ പരമകാഷ്ഠയെ പ്രാപിച്ചിരിക്കുന്നു. അതിനാൽ നിങ്ങളും ഉണർന്നു പ്രവർത്തിച്ച് സത്യസഭ കേരളം മുഴുവൻ ശോഭിക്കുന്ന ഒരു വിളക്കായിത്തീരണമെന്നുള്ള എന്റെ വലിയ ആശയെ സാധിക്കണമെന്നുള്ളതാണ് അത്.

പ്രോട്ടസ്റ്റന്റു സഭകളുടെ ദുരുപദേശങ്ങളും നമ്മുടെ ജനങ്ങളും ധാരാളം പഠിക്കുന്നു. അവരുമായി വിവാഹബന്ധത്തിൽ ഏർപ്പെടുന്നതു നമ്മുടെ സഭയ്ക്കു നാശമാണ്. അവരുടെ വകപുസ്തകങ്ങളും നിങ്ങളും വായിക്കയാകട്ടെ അവരുടെ പ്രസംഗം കേൾക്കയാകട്ടെ ചെയ്യരുതെന്നപേക്ഷിക്കുന്നു.

ഞാൻ തീർച്ചപ്പെടുത്തിയ കാര്യത്തിൽ നിന്നു പിന്മാറാൻ എനിക്കു നിവൃത്തിയില്ല. മറ്റു ഏതെങ്കിലും ഒരു സഭയുമായി യോജിക്കണമെന്നു നിങ്ങളും വല്ലപ്പോഴും ആഗ്രഹിക്കുന്നെങ്കിൽ അപ്പസ്തോലികപിൻതുടർച്ച, കളങ്കമില്ലാത്ത വിശ്വാസം, ശരിയാ

ഭരണഘടന, പൂർണ്ണമായ അനുസരണം മുതലായവയാൽ നമ്മോ ടു യോജിക്കുന്ന സഭ ഏതെന്ന് ദീർഘമായി ആലോചിക്കുമെന്നു വിശ്വസിക്കുന്നു.

കറുത്ത മീശയും ചൊടിപ്പും തൻറേടവുമുള്ള ഒരു ചെറുപ്പ ക്കാരനായി ഞാൻ നിങ്ങളുടെ ഇടയിൽ മുപ്പത്താറുകൊല്ലം മുമ്പു വന്നു. നരച്ച മീശയും ക്ഷീണവുമുള്ള ഒരു വൃദ്ധനുമായി ഇപ്പോൾ പോകുന്നു. കഴിഞ്ഞ കാലത്തെ സഹകരണങ്ങൾക്കു നന്ദി പറ ഞ്ഞുകൊണ്ടും, ഭാവിയിൽ നിങ്ങളുടെ സഹകരണത്തെയും പ്രാ ത്ഥനയേയും യാചിച്ചുകൊണ്ടും ഇതാ യാത്ര പറയുന്നു. ദൈവം നിങ്ങളെയെല്ലാം അനുഗ്രഹിക്കട്ടെ.

അനന്തരം സന്താപനിമഗ്നരായിരുന്ന ജനങ്ങളുടെ പ്രതി നിധിയായി ഒരാൾ ബഹുമാനപ്പെട്ട അച്ചൻ ചെയ്തിട്ടുള്ള ഉപ കാരങ്ങൾക്കു നന്ദി പറഞ്ഞും ഭാവിമംഗളങ്ങൾ ആശംസിച്ചും മ നസ്സാക്ഷിക്കനുസരണമായ പ്രവർത്തിയിൽ അനുമോദിച്ചും മറുപ ടി പറഞ്ഞു.

അതിൻറെ ശേഷം അദ്ദേഹം സ്ഥലത്തെ ബഥനി ചാപ്പ ലിൽ വന്ന് തിരുവല്ലാ മെത്രാൻ നി. വ. ദിവ്യശ്രീ മാർ തീയോ ഫിലോസു തിരുമനസ്സിലെ അടുക്കൽ വിശ്വാസസത്യം ചെയ്യ ലും കത്തോലിക്കാസഭയുടെ ഒരു പട്ടക്കാരനായിത്തീരുകയുംചെയ്തു. അപ്പോൾ അവിടെ ഇതു കാണുന്നതിനായി അഞ്ഞൂറിലധികം ആളുകൾ കൂടിയിട്ടുണ്ടായിരുന്നു. ഉദ്ദേശം രണ്ടുമണിയോടുകൂടി ബഥനി അതിശ്രേഷ്ഠതയുടെ നി. വ. ദിവ്യശ്രീ മാർ ഈവാനിയോ സു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടും സ്ഥലം ബഥനിപ്പ ള്ളിയിൽ എഴുന്നള്ളി. അദ്ദേഹത്തിൻറെ കൂടെ റവ. ഫാദർ ജോൺമേരി സി. ഡി. ആദിയായ അനേകം മഹാന്മാരും ഉണ്ടാ യിരുന്നു. അച്ചൻറെ പ്രഥമ പുത്രൻ മി. കെ. ററി. വറുഗീസ് പുത്രനായി പണികഴിപ്പിച്ചിരിക്കുന്ന പുരയുടെ കൂദാശക്കായി തിരുമേനിമാർ അങ്ങോട്ടെഴുന്നള്ളി. അവിടെവച്ചു തിരുമനസ്സി ലെ പ്രൗഢഗംഭീരമായ പ്രസംഗത്തിനുശേഷം അച്ചൻറെ കുടും ബത്തിലെ ശേഷിച്ച അംഗങ്ങളെയും കത്തോലിക്കരാക്കിത്തീർത്തു.

അനന്തരം വീട്ടു ക്രിയാശയും മേശയുംകഴിഞ്ഞു് തിരുമേനിമാർ തിരുവല്ലായിക്കെഴുന്നള്ളി. ഇതു സംബന്ധിച്ചു് ആയിരത്തിൽ പരം ജനങ്ങൾക്കു് ചതുർവിധമായ ഭോജനവും ഉണ്ടായിരുന്നു.

ന. ദീ.

വാക്കും പ്രവൃത്തിയും.

ഈ ലോകത്തിൽ വാക്കും പ്രവർത്തിയും ഒന്നായി യോജിച്ചിരിക്കുന്നതു കാണ്മാൻ വളരെ പ്രയാസമാണെന്നുള്ളതു എല്ലാവർക്കും അറിവുള്ള വിഷയമാണു്. അതായതു പറയുംപോലെ പ്രവർത്തിക്കുന്നവരെ കാണ്മാൻ വളരെ വിഷമം. വേദാന്തം പഠിപ്പിക്കുന്ന ആചാര്യൻ "കോപം ഭയങ്കരമായതു, അതഹങ്കാരകാരണമാണു്, ഞാനെന്ന ഭാവം നശിച്ചാൽ കോപം അടങ്ങും, കോപത്തെ അടക്കിയല്ലാതെ ജ്ഞാനം വരികയില്ല" എന്നു പ്രസംഗിച്ചുതീർന്ന ഉടൻതന്നെ ഒരു സംശയത്തെപ്പറ്റി രണ്ടുതവണ ചോദിച്ച ശിഷ്യനെ കോപാവേശവശംവദനായി ശാസിക്കുന്നു.

ചിലർ 'ഛീ! മനസ്സു നമ്മെയറിയാതെ ആടുമോ. നാം വേണമെന്നു പറഞ്ഞാൽ വേണം; വേണ്ടെന്നുവച്ചാൽ വേണ്ട' എന്നു അലക്ഷ്യമായി സംസാരിക്കും. ഇവർക്കു വാസ്തവത്തിൽ എള്ളോളമെങ്കിലും മനഃശക്തി കാണുകയുമില്ല. ഇവർ മനസ്സിനെ അടക്കാൻ ശ്രമിച്ചിരുന്നുവെങ്കിൽ "ചിന്തയെയടക്കിയേ ചുമ്മാവിരുക്കിൻറ തിരമറിതു" എന്നു പറയുമായിരുന്നു.

തനിക്കു എത്ര കുറവും കുറവുമിരുന്നാലും അന്യർക്കു ജ്ഞാനോപദേശം ചെയ്യുകയെന്നതു മനുഷ്യപ്രകൃതിയാണു്. "ഞാൻ പറയുംപോലെ നടക്കുക; ഞാൻ നടക്കുംപോലെ നടക്കരുതു്" എന്നുള്ള ഉപദേശം സാധാരണമാണു്. ഉള്ളിണങ്ങാതെ സ്നേഹിക്കുന്നൊരാൾ അതിനെ കൈവിടാതിരിക്കുന്നിടത്തോളംകാലം അതിനു വിപരീതമായി പൊടിപൊടിച്ചു പ്രസംഗിച്ചതുകൊണ്ടുള്ള ഫലമെന്തു?

വാക്കൊന്നു പ്രവൃത്തി മറെറാന്നെന്നു വരുന്നതു മഹാപാപമാണു്. പറയുംപോലെ പ്രവർത്തിക്കത്തക്ക ശക്തിയുണ്ടാവണമെങ്കിൽ തന്റെ കുറവുകളെ പരസ്യമായി സമ്മതിച്ചു തെറുകളെ തിരുത്തുവാനുള്ള മനഃസ്ഥിതിയുണ്ടാവണം. ജനനായകന്മാരായിട്ടുള്ളവർക്കു ഈ ഒരു സൽഗുണമില്ലെങ്കിൽ അവരെ ആരും വിശ്വസിക്കയില്ല. പറയുംപോലെ പ്രവൃത്തിക്കണം അഥവാ പ്രവൃത്തിക്കത്തക്കതേ പറയാവൂ എന്നുള്ള ദൃഢവ്രതം അനുഷ്ഠിച്ചു തുടങ്ങിയാൽ അഹങ്കാരവും അജ്ഞാനവും നശിക്കും; പ്രകൃതിയിലെ വിജ്ഞാനഭണ്ഡാഗാരം താനേ തുറന്നു ലഭിക്കപ്പെടും. തൽഫലമായി നിത്യശാന്തിയെ കരസ്ഥമാക്കി മനുഷ്യജീവിതോദ്ദേശത്തെ സുകരവും സുഖകരവുമായി നിറവേറുകയും ചെയ്യാം.

സന്ദർഭം കിട്ടിടാതാരും പറയേണ്ടൊട്ടു പോലുമെ
കേട്ടിടാനാഗ്രഹം കൊള്ളാം അരുളാനല്പമായ് മതി.

ആലോചിച്ചു പറഞ്ഞീടും ബുദ്ധിമാനേതു നേരവും
പറഞ്ഞു ചിന്തിച്ചാലോചിക്കും ബുദ്ധിഹീനനനാരതം.

സംസാരം വെള്ളിയായിട്ടും സ്വർണ്ണമായ് മൌനവും തഥാ
വിദ്വാന്മാരരുളും ചൊല്ലുന്നുണ്ടർത്ഥമെന്തെന്നാതോക്കണം

വൃക്ഷത്തിലിടിവെട്ടാതെ വർഷിക്കുന്നുപായോധാരം
മഹാനേറെ കഥിക്കാതെ സഹായിക്കുന്നിതന്യരെ.

ശത്രുവിലിടിവെട്ടുന്ന വർഷിക്കുന്നില്ല നീരദം
നാക്കുനീട്ടുന്ന നീചന്മാർ നന്മചെയ്യുന്നിതില്ലഹോ.

— *Selected.*

വർത്തമാനക്കുറിപ്പുകൾ.

ദലഗാദ് അപ്പസ്തോലിക്കാ.

ഇന്ത്യയുടെ ദലഗാദ് അപ്പസ്തോലിക്കയായ മഹോന്നത ദിവ്യശ്രീ എഡെവർഡ് മൂന്നി തിരുമേനിയെ ജപ്പാനിലെ ദലഗാദ് അപ്പസ്തോലിക്കയായി പരിശുദ്ധ സിംഹാസനത്തിൽനിന്നും നിയമിച്ചിരിക്കുന്നതായിക്കാണുന്നു. ഈ വന്ദ്യ തിരുമേനി ഫെബ്രുവരി മാസത്തിലാണു ഇന്ത്യയുടെ ദലഗാദ് അപ്പസ്തോലിക്കയായി നിയമിക്കപ്പെട്ടത്.

ഗോവ പാത്രിയക്കീസ്.

ഗോവയുടെ പാത്രിയക്കീസായി നിയമിക്കപ്പെട്ടിരിക്കുന്ന മോൺ സിഞ്ഞോർ തെവത്തോനിയൊ ദെ കാസ്ത്രൊ തിരുമനസ്സു കൊണ്ടു ഗോവയിൽ എത്തിയിരിക്കുന്നു.

വി. ശെയ്ഖുമാരുടെ തിരുശ്ശരീരം.

ഇക്കൊല്ലം ശെയ്ഖുമാരു പുണ്യവാന്റെ തിരുശ്ശരീരം പഴയ ഗോവയിൽ ബഹുജനങ്ങളുടെ വണക്കത്തിനായി പ്രദർശിപ്പിക്കപ്പെട്ടുന്നതാണ്. ഫെബ്രുവരി-ൽ ഉണ്ടായ പ്രദർശനത്തിൽ പത്തു ലക്ഷത്തിൽപരം ജനങ്ങളാണു പങ്കുകൊണ്ടിരുന്നു.

മാപ്പിപ്പായെ സന്ദർശിച്ചു.

സൗഹാട്ട സമ്മേളനത്തിലെ ഇന്ത്യൻ കത്തോലിക്ക പ്രതിനിധിയായ ബാരിസ്റ്റർ മി. പന്നീർ സെല്ലം ഇന്ത്യയിലേക്കു മടങ്ങുംവഴി റോമിൽചെന്നു മാപ്പിപ്പാ തിരുമനസ്സിലെ സന്ദർശിക്കുകയുണ്ടായി.

യൂറോപ്പുയാത്ര.

വന്ദ്യ ദിവ്യശ്രീ മൊൺസിഞ്ഞോർ ആൻറണി പുതുശ്ശേരി അവർകൾ യെരുസ്സലേം റോമ്മാ മുതലായ വിശുദ്ധ സ്ഥലങ്ങളെ സന്ദർശിക്കാനായി മാർച്ചുമാസം വ-ാംന- കപ്പൽമാർഗ്ഗ ആരംഭി

ക്കുമെന്നറിയുന്നു.

ഒരു വലിയ ഭ്രകമ്പം.

ആസ്ട്രേലിയാക്കടുത്തുള്ള ന്യൂസിലണ്ടിലെ നേപ്പിയർ പട്ടണത്തിൽ ഭയങ്കരമായ ഒരു ഭ്രകമ്പമുണ്ടായിരിക്കുന്നു. അവിടെ ഒരു ന്നൂറിലധികം ആളുകൾ മരിച്ചു. അര ചതുരശ്ര മൈൽ വിസ്താരമുള്ള വ്യാപാരപ്രദേശം മുഴുവൻ അഗ്നികൊണ്ടു നശിച്ചു. അമ്പതു മണ്ണെണ്ണ ടാങ്കുകൾ പൊട്ടി. ഭ്രകമ്പം പത്തേമുക്കാൽ മണിക്കു ആരംഭിച്ചിട്ടു പകൽ മുഴുവൻ തുടർന്നുകൊണ്ടിരുന്നു. ഒരു സിമ്മനാരി ഇടിഞ്ഞുവീണു രണ്ടു വൈദികന്മാരും എട്ടു വിദ്യാർത്ഥികളും മരിച്ചു. തന്റെ സഹതാപത്തെ സൂചിപ്പിച്ചുകൊണ്ടു ചക്രവർത്തി മഹാരാജാവു ന്യൂസിലണ്ടിലേക്കു കമ്പിയടിച്ചിരിക്കുന്നു.

കൊച്ചിയിലെ ജനസംഖ്യ.

പുതിയ കണക്കു പ്രകാരം കൊച്ചിയിൽ ക്രി,ക്രിവ്യ,ക്രിവ്യവ ജനങ്ങളുണ്ടെന്നു കാണുന്നു. ക്രിസ്തു-ലെ കണക്കു പ്രകാരം ൯,൯൦,൦വ്യാ ജനങ്ങളേ കൊച്ചിയിലുണ്ടായിരുന്നുള്ളൂ. അതിനാൽ ഇക്കഴിഞ്ഞ പത്തു വത്സരങ്ങൾക്കുള്ളിൽ കൊച്ചി സംസ്ഥാനത്തു ജനങ്ങൾ നൂറിനു ൨൦ വീതം വർദ്ധിച്ചിട്ടുണ്ടു.

നെല്ലിന്റെ വില

നികുതി കുറയ്ക്കണമെന്നു ഒരു പ്രമേയം ബമ്മാ നിയമസഭയിൽ പാസ്സായിരിക്കുന്നു. കഴിഞ്ഞ മുപ്പത്താറു കൊല്ലങ്ങൾക്കിടയിൽ നെല്ലിന്റെ വില ഇത്ര കുറഞ്ഞിട്ടില്ലെന്നും ആ നാട്ടിലെ വിളവിൽ ന്യായശതമാനം ഇനിയും വിൽക്കാനുള്ളതുകൊണ്ടു നെല്ലിന്റെ വില വീണ്ടും കുറയാനിടയുണ്ടെന്നും നിയമസഭയിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

മരണം.

കുമ്പടപ്പള്ളി ഇടവക ശ്രീമതി കണ്ണാടൻ റോസ അന്യക്രിയാശകളെല്ലാം കൈക്കൊണ്ടു ഇക്കഴിഞ്ഞ മകരം ൯൮-ാംനു ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. പരേതയുടെ നിത്യശാന്തിക്കായി വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം. **R. I. P.**